# തിരുഹൃദയ മാസിക

(The Sacred Heart Monthly)

Vol. 80
2015 April

**സമർപ്പിത വർഷം**

80 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലറുകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- വൊക്കേഷൻ കമ്മീഷൻ
- കെ.സി.എസ്.എൽ.
- സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
- കെ. സി. വൈ. എൽ.
- ലീജിയൻ ഓഫ് മേരി
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

**Circular No: 164**

**മദ്യവിരുദ്ധ ഞായർ**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date : 23-02-2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

കേരള കത്തോലിക്കാ സഭ മാർച്ച് എട്ടാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ തിരുസഭ പങ്കുവയ്ക്കുന്നത്. കേരള സമൂഹത്തിൽ മാതൃകാപരമായ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സഭ എന്നും ഇടപെട്ടിട്ടുണ്ട്. സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലഹരിമോചന കേന്ദ്രങ്ങളിലൂടെയും ധ്യാനകേന്ദ്രങ്ങളിലൂടെയും, ആതുരാലയങ്ങളിലൂടെയും അനേകർ ലഹരിയിൽ നിന്ന് മോചനം പ്രാപിച്ചതിന്റെ സദ്ഫലങ്ങൾ അനുഭവിച്ചുവരുന്നു.

സഭാമക്കളെ മാത്രം ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നു മോചിപ്പിക്കുക എന്ന സങ്കുചിത ചിന്തയല്ല ഇക്കാര്യത്തിൽ സഭ സ്വീകരിക്കുക. പ്രത്യുത സമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹ്യതിന്മയെന്ന നിലയിലാണ് ഈ വിഷയത്തെ സഭ എന്നും നോക്കിക്കാണുന്നത്. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപീകരിച്ചതിനുശേഷം കത്തോലിക്കാ സഭയിലെ എല്ലാ രൂപതകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ചു ശക്തമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും കർമ്മപദ്ധതിയും നിർദ്ദേശങ്ങളും നൽകിവരുന്നു. ഈ വർഷം മുതൽ വലിയനോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി സഭ ആചരിക്കുക. നോമ്പുകാലം പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും അനുരഞ്ജനത്തിന്റെയും ജീവിതനവീകരണത്തിന്റെയും ഒരു കാലഘട്ടമാണല്ലോ. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽ നിന്നു സ്വയം വിട്ടു നിൽക്കുവാനും അവയുടെ ഉപയോഗത്തിൽ നിന്നു മറ്റുള്ളവരെ വിടുവിക്കുവാനും നാം നടത്തുന്ന എല്ലാ ശ്രമങ്ങളും നോമ്പു വിഭാവനം ചെയ്യുന്ന ജീവിതനവീകരണത്തിലേക്കാണ് നമ്മെ നയിക്കുന്നത്. വ്യക്തിയേയും കുടുംബത്തേയും സമൂഹ

ത്തേയും ഒന്നടങ്കം നശിപ്പിക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും അവ സൃഷ്ടിക്കുന്ന ആസക്തികളിൽ നിന്നും ഓടി അകലുവാൻ നമുക്കാവണം. മദ്യാസക്തി ദുർമോഹങ്ങളിലേയ്ക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവർത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. (റോമ. 13 : 13-14).

മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അടിസ്ഥാനപരമായ ത്രിമാനതലത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് സാധിക്കേണ്ടതെന്നാണ് ലോകാരോഗ്യസംഘടന പഠിപ്പിക്കുക. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക (Supply Reduction) മദ്യത്തിന്റെ ആവശ്യക്കാരുടെ എണ്ണം കുറയ്ക്കുക (Demand Reduction) മദ്യോപയോഗം മൂലമുള്ള ദോഷങ്ങളുടെ ആക്കം കുറയ്ക്കുക (Risk Reduction) എന്നീ പ്രവർത്തനങ്ങളിലൂടെയാണ് സംഘാതമായ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടക്കേണ്ടത്. മദ്യത്തിന്റെ ലഭ്യതയുടെ അളവ് സർക്കാരിനു ശക്തമായ മദ്യനയത്തിലൂടെയും നിയമനിർമ്മാണത്തിലൂടെയും നിയന്ത്രിക്കാനാവണം. എന്നാൽ Demand Reduction, Risk Reduction എന്നീ തലങ്ങളിൽ സഭയ്ക്കും മറ്റ് ലഹരി വിരുദ്ധ പ്രസ്ഥാനങ്ങൾക്കും സമൂഹത്തിന്റെ പൊതുനന്മയെയും പൊതുജനാരോഗ്യത്തെയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും കാര്യമായി പ്രവർത്തിക്കാനാവും.

മറയില്ലാതെ മദ്യം ഉപയോഗിക്കുവാനുള്ള മലയാളിയുടെ ശീലവും മദ്യത്തിനു മാന്യത നൽകുന്ന ഒരു സംസ്കാരവും അറിഞ്ഞോ അറിയാതെയോ നമ്മുടെ നാട്ടിൽ വളർന്നു വന്നിട്ടുണ്ട്. ആഘോഷാവസരങ്ങളിലും പൊതു വേദികളിലും മദ്യം വിളമ്പുന്ന ശൈലി ക്രൈസ്തവർ നിശ്ചയമായും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ഞാൻ നേരത്തെ നിങ്ങളെ അനുസ്മരിപ്പിച്ചിട്ടുള്ളതുപോലെ നമ്മുടെ വീട്ടിൽ ഒരു കാരണവശാലും മദ്യം വിളമ്പുകയില്ല എന്ന ഒരു നിലപാടു വീട്ടിലുള്ളവർ സ്വീകരിച്ചാൽ മദ്യത്തിന്റെ ഉപയോഗം ഒരു പരിധിവരെ ഒഴിവാക്കാനാകും.

മദ്യത്തോടൊപ്പം മയക്കുമരുന്നിന്റെ ഉപയോഗവും കേരളത്തിൽ വർദ്ധിച്ചു വരുന്നതായി നാം പത്രമാധ്യമങ്ങളിലൂടെ അറിയുന്നു. നമ്മുടെ കൗമാരക്കാരും സ്കൂൾ കുട്ടികളുമെല്ലാം ഇതിന്റെ ഇരകളായി മാറുന്നു. മാതാപിതാക്കളും മതാദ്ധ്യാപകരും സ്കൂൾ അദ്ധ്യാപകരുമൊക്കെ തങ്ങളുടെ കുട്ടികളെ ഇക്കാര്യത്തിൽ ശ്രദ്ധയോടെ നിരീക്ഷിക്കുകയും ആവശ്യമായ ഇടപെടലുകളും തിരുത്തലുകളും സമയാസമയങ്ങളിൽ നട

ത്തുകയും വേണം. നമ്മുടെ യുവജനങ്ങളും കുട്ടികളും ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടത് തലമുറയുടെ നിലനിൽപ്പിനു തന്നെ അനുപേക്ഷണീയമാണ്. ആയതിനാൽതന്നെ ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ നമ്മുടെ ഇടവകകളിൽ സമുചിതമായി ആചരിക്കുകയും ലഹരി വിരുദ്ധപ്രചരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത് അഭിലഷണീയമാണ്.

നമ്മുടെ കാരിത്താസ് ആശുപത്രിയുമായി സഹകരിച്ചു ലഹരി മോചന ചികിത്സാസമ്പ്രദായം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള സംവിധാനങ്ങൾ സംജാതമായാൽ അതിന്റെ പ്രയോജനം എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടുത്തുവാൻ സാധിക്കുമെന്നു ഞാൻ കരുതുന്നു.

നമ്മുടെ ഇടവകകളിൽ പുതുതായി പാരീഷ് കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള സമയമായല്ലോ. അങ്ങനെ തെരഞ്ഞെടുക്കുമ്പോൾ ലഹരി വിരുദ്ധപ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ അനുയോജ്യരായ, താല്പര്യമുള്ള വ്യക്തികളെ ഇടവകയിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ടെമ്പറൻസ് കമ്മീഷനുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനു കണ്ടെത്തുമല്ലോ. മനുഷ്യന്റെ മനസ്സിനും ശരീരത്തിനും ആത്മാവിനും നാശം വിതയ്ക്കുന്ന, വ്യക്തിയേയും സമൂഹത്തേയും ഒന്നടങ്കം നശിപ്പിക്കുന്ന ലഹരിവസ്തുക്കളിൽ നിന്ന്, സ്വയം ഒഴിഞ്ഞുനിൽക്കുന്നതും, അതിനടിമപ്പെട്ടവരെ അതിൽ നിന്നു വിടുതൽ പ്രാപിക്കുന്നതിനു സഹായിക്കുന്നതും ദൈവസന്നിധിയിൽ സ്വീകാര്യമായ പ്രവർത്തികളാണെന്ന് നമുക്ക് തിരിച്ചറിയാം.

മിശിഹായിൽ സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**N.B.** ഈ സർക്കുലർ 2015 മാർച്ച് 8-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും, വി. കുർബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിച്ചറിയിക്കേണ്ടതാണ്.

**Circular No: 165**

**Lenten Campaign Against Hunger and Disease 2015**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 05-03-2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

ആത്മ- ശരീര നൈർമല്യത്തോടെ ദൈവത്തെ അന്വേഷിക്കുന്ന ആത്മീയ പാരമ്പര്യമായ വ്രത വിശുദ്ധിയുടെ അമ്പത് നോമ്പിലൂടെ നാം കടന്നു പോവുകയാണ്. നമ്മെ കൂടുതൽ വിശുദ്ധീകരിക്കുവാൻ ആഗോള കത്തോലിക്കാ സഭ എല്ലാവർഷവും വലിയ നോമ്പിന്റെ ഒരു ഞായറാഴ്ച ദാരിദ്ര്യ രോഗ നിവാരണ ദിനമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ അതിരൂപതയിൽ മാർച്ച് 22 ഞായറാഴ്ച ദാരിദ്ര്യരോഗ നിവാരണ ദിനമായി ആചരിക്കുകയാണ്.

ജോബിന്റെ പുസ്തകത്തിൽ നിന്ന് എടുത്ത "കുരുടന് കണ്ണുകളും മുടന്തന് കാലുകളും" (29:15) എന്ന പ്രതീകാത്മകമായ വാക്കുകളാണ് 23-ാമത് ദാരിദ്ര്യ രോഗദിന സന്ദേശത്തിൽ നാം ഏവരുടെയും ക്രൈസ്തവ ദൗത്യം ഉദ്ബോധിപ്പിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ തെരഞ്ഞെടുത്തത്. തന്റെ നഗരത്തിലെ പ്രധാനികൾക്കിടയിൽ ഒരു നിശ്ചിത അധികാരവും പ്രാധാന്യവുമുണ്ടായിരുന്ന നീതിമാനായ ജോബ് തന്റെ സഹായം തേടിയെത്തിയ പാവപ്പെട്ടവർക്ക് നൽകിയ സഹായത്തിലും അനാഥരോടും വിധവകളോടും രോഗികളോടും കാട്ടിയ ശ്രദ്ധയിലും പരിഗണനയിലും അദ്ദേഹത്തിന്റെ ധാർമ്മിക വലുപ്പം വെളിവായി(ജോബ് 29:12-13). നീതിമാനായ ജോബിന്റെ പ്രവർത്തനങ്ങളിൽ നിന്ന് ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് യഥാർത്ഥ വിശ്വാസത്തിൽ രൂഢമൂലമായ ജീവിതങ്ങൾകൊണ്ട് 'കുരുടന് കണ്ണുകളും മുടന്തന് കാലുകളുമാകുവാൻ' അനുദിന ജീവിതത്തിൽ നമുക്ക് സാധിക്കണം.

പാവപ്പെട്ടവരോടും രോഗികളോടും ദാരിദ്ര്യം അനുഭവിക്കുന്നവരോടും ദൈവസ്നേഹത്തിൽ വർത്തിക്കുന്നതിനുള്ള അവസരമാണ് നോമ്പിന്റെയും ഉപവാസത്തിന്റെയും അവസരത്തിൽ ദൈവജനത്തിന്

ലഭിക്കുന്നത്. ഇതിനുള്ള ശക്തിസംഭരണമാണ് നോമ്പാചരണത്തിലൂടെ നാം നടത്തുന്നത്. ഓരോ ക്രൈസ്തവനും മാമ്മോദീസായുടെയും സ്ഥൈര്യലേപനത്തിന്റെയും ശക്തിയാൽ ക്രിസ്തുവിനോട് പ്രത്യേക മായി അനുരൂപപ്പെടുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. സഹനം വഹി ക്കുന്നവർക്ക് എപ്പോഴും നല്ല സമറായനാണ് ക്രിസ്തു. ക്രിസ്തു സ്വന്തം ജീവൻ ത്യജിച്ചുകൊണ്ട് മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സ്നേഹം നമുക്ക് വെളിവാക്കി തന്നു. ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിൽ പങ്കാ ളികളായി നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്നു (1 യോഹന്നാൻ 3: 16).

നമ്മുടെ സാമീപ്യവും സാന്ത്വനവും ആവശ്യമുള്ളവരിലേക്ക് സ്നേഹത്തോടെയും ശുശ്രൂഷാ മനോഭാവത്തോടെയും നാം സംലഭ്യ മാക്കുമ്പോൾ പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് ദൈവത്തിന്റെ സ്നേഹവും സന്തോഷവും നാം പകർന്നു നൽകുകയാണ്. സഹോദരങ്ങൾക്ക് സ്നേഹ ശുശ്രൂഷ ചെയ്യുന്നതിനുള്ള ഉദാത്തമായ മാതൃക വിശുദ്ധ ബൈബിൾ ഉയർത്തി കാണിക്കുന്നുണ്ട്. യേശുവിന്റെ അമ്മയും നമ്മുടെ മാതാവുമായ പരിശുദ്ധ മറിയത്തിന്റെ മാതൃകയാണത്. ദൈവപദ്ധതി പ്രകാരം ദൈവകുമാരനെ പരിശുദ്ധാത്മാവിനാൽ ഉദരത്തിൽ സ്വീകരിച്ച പരിശുദ്ധ അമ്മ തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ കാണുവാനും സഹായിക്കുവാനുമായി തന്റെ ബുദ്ധിമുട്ടുകളും പ്രയാസ ങ്ങളും മാറ്റിവച്ചുകൊണ്ട് ഗലീലയിൽ നിന്നും യൂദയായിലേക്ക് നിസ്വാർത്ഥ മായ സേവനമനോഭാവത്തോടെ പോയത് രോഗപീഢകളാൽ കഷ്ടപ്പെ ടുന്നവർക്കും ദാരിദ്ര്യം അനുഭവിക്കുന്നവർക്കും സേവനം ചെയ്യുവാൻ നമുക്ക് ശക്തിപകരുന്നതിനാണ്.

ഭൗതിക സമ്പത്തും സുഖസൗകര്യങ്ങളും വർദ്ധിച്ച് ജീവിതസാ ഹചര്യങ്ങൾ വിശാലമാകുമ്പോൾ പങ്കുവയ്ക്കലിന്റെയും കണ്ടുമുട്ടലി ന്റെയും ശുശ്രൂഷയുടെയും പാഠം മറന്ന് ഹൃദയങ്ങൾ കൂടുതൽ സങ്കുചി തമായിക്കൊണ്ടിരിക്കുന്നു എന്നതാണ് ഇന്നത്തെ ദുരവസ്ഥ. അമ്പത് നോമ്പിന്റെ ചൈതന്യത്താൽ പ്രാർത്ഥിക്കുന്ന അധരങ്ങളും പ്രവർത്തി ക്കുന്ന കരങ്ങളും സ്നേഹിക്കുന്ന ഹൃദയവും നാമോരോരുത്തരും രൂപ പ്പെടുത്തണം.

അമ്പത് നോമ്പിൽ നാമെടുക്കുന്ന ഉപവാസം സ്വാഭാവികമായും ദാനധർമ്മത്തിലേക്ക് നമ്മെ നയിക്കണം. നമ്മുടെ ഇടയിൽ സാമ്പത്തിക-ദാരിദ്ര്യ-രോഗ വിഷമതകൾ അനുഭവിക്കുന്ന അനേകരുണ്ട്. "ദരിദ്രരെ പോറ്റാൻ ഉപവസിക്കുന്നവർ അനുഗ്രഹീതർ" എന്ന് ആദിമ സഭയിലെ പിതാക്കൻമാർ ഉദ്ബോധിപ്പിച്ചിരുന്നു. അൾത്താരയിലെ സ്നേഹത്തിന്റെ കൂദാശയോടൊപ്പം വിഷമത അനുഭവിക്കുന്ന സഹമനുഷ്യരോടുള്ള സ്നേഹ കൂദാശയ്ക്ക് നാം പ്രാധാന്യം കൊടുക്കണം. ഉപവാസത്തിന്റെ ജീവൻ ദരിദ്രർക്കുള്ള സഹായമാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. നമ്മുടെ ഇടവകയിലെയും അതിരൂപതയിലെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് വേദന അനുഭവിക്കുന്ന സഹോദരങ്ങൾക്ക് സ്നേഹ ശുശ്രൂഷ ചെയ്യുവാൻ നാം മുൻപോട്ട് വരണം.

ദരിദ്രരും രോഗികളും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ നമ്മുടെ സഹോദരങ്ങളെ ജാതി മത ഭേദമന്യേ പരിഗണിച്ചുകൊണ്ട് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ കാലാനുസൃതമായ പഠനങ്ങളും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ടാണ് നമ്മുടെ അതിരൂപത പ്രവർത്തിക്കുന്നത്. അതിരൂപതയുടെ സാമൂഹിക സേവന വിഭാഗങ്ങളായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും ഈ മേഖലകളിൽ ചെയ്യുന്ന സേവനങ്ങൾ ഏറെ മാതൃകാപരമാണെന്ന് എടുത്ത് പറയട്ടെ.

നിരവധിയായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സാമൂഹ്യക്ഷേമ പ്രസ്ഥാനങ്ങൾ പാർശ്വവത്ക്കരിക്കപ്പെട്ട അനേകായിരങ്ങൾക്ക് ആശ്വാസം പകരുന്നുവെന്നതിൽ എല്ലാ അതിരൂപതാംഗങ്ങൾക്കും അഭിമാനിക്കാം. നമ്മുടെ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ രൂപം നൽകിയിരിക്കുന്ന അതിരൂപതയിലെ അവികസിത പ്രദേശങ്ങൾക്കായുള്ള പ്രത്യേക കർമ്മ പദ്ധതികളും ഗവൺമെന്റുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനനിർമ്മാണ പദ്ധതിയും നിർദ്ധന രോഗികൾക്കായുള്ള ചികിത്സാ സഹായ സാധ്യതകളും ചൈതന്യ ജീവ കാരുണ്യ ആംബുലൻസ് പദ്ധതിയുമൊക്കെ കൂടുതൽ ജനങ്ങൾക്ക്

പ്രയോജനപ്രദമാക്കുവാൻ എല്ലാ രൂപതാംഗങ്ങളും കൂട്ടായി പരിശ്രമിക്കണം. കൂടാതെ ഇടവകതലത്തിൽ നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെയും ഗ്രാമവികസന സമിതികളുടെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്.

ഈശോയുടെ പീഡാനുഭവങ്ങളെ അനുസ്മരിക്കുന്ന ഈ ദിനങ്ങളിൽ ദരിദ്രരോടും പിന്നോക്കാവസ്ഥയിലുള്ളവരോടും പ്രത്യേക പരിഗണന നൽകുന്നതിൽ ഏവരും ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി അനുസ്മരിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ദാരിദ്ര്യരോഗ നിവാരണ ദിനമായ മാർച്ച് 22-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ച് അറിയിക്കേണ്ടതും അന്നേദിവസത്തെ സ്തോത്രക്കാഴ്ച ദാരിദ്ര്യരോഗ നിവാരണ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

Circular No: 166
CEFAC Collection
Holy Thursday - 2015

The Catholic
Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 07-03-2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

നമ്മുടെ മൂന്നാമത് അതിരൂപതാ അസംബ്ലിയിൽ നിന്നുരുത്തിരിഞ്ഞ ദർശനങ്ങളും പ്രസക്തമായ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച 'അസംബ്ലി ഡോക്യുമെന്റ്' എല്ലാ പള്ളികളിലും ലഭിച്ചു എന്നു കരുതുന്നു. നമ്മുടെ അജപാലന പ്രവർത്തനത്തിൽ മാർഗ്ഗദർശനം നൽകുന്ന ഈ 'അസംബ്ലി രേഖ' ബഹു. വികാരിയുടെ നേതൃത്വത്തിൽ ഇടവകയിലെ പാരീഷ് കൗൺസിലിലും കൂടാരയോഗങ്ങളിലും പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കുകയും അതിന്റെ വെളിച്ചത്തിൽ ഉചിതമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോഴാണല്ലോ അതിരൂപതാ അസംബ്ലിയുടെ സംഭാവനകൾ ദൈവജനത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കും സഹായകരമായി മാറുന്നത്.

അസംബ്ലിയുടെ നിർദ്ദേശങ്ങളിലൊന്ന് ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് (CEFAK) തുടർ പദ്ധതിയായി മുന്നോട്ടു കൊണ്ടുപോകണമെന്നുള്ളതാണ്. എല്ലാ കുടുംബങ്ങളും ഒരു മാസത്തെ വരുമാനം മൂന്നു വർഷം കൊണ്ട് നല്കി അതിരൂപതയിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സമർത്ഥരായ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള സഹായം പലിശരഹിത വായ്പയായി നല്കുക എന്നതായിരുന്നു നമ്മുടെ ഉദ്ദേശ്യം. ലക്ഷ്യം വച്ച അത്രയും തുക നമുക്ക് സമാഹരിക്കാൻ സാധിക്കാത്തതുകൊണ്ട് കുട്ടികളുടെ എണ്ണവും കൊടുക്കുന്ന തുകയും പരിമിതപ്പെടുത്തേണ്ടതായി വന്നു. എന്നിരുന്നാലും നാളിതുവരെയും 4,39,49,049 രൂപ സമാഹരിക്കുവാനും 750 കുട്ടികൾക്കായി വിദ്യാഭ്യാസ സഹായം നല്കുവാനും സാധിച്ചു എന്നത് അഭിമാനകരമാണ്. ഇതിന്റെ വിശദമായ കണക്കുകൾ CEFAC ന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിലേയ്ക്ക് സഹകരിച്ച എല്ലാവരോടും പ്രത്യേകം നന്ദി പറയുന്നു.

എല്ലാ വർഷവും പെസഹാ വ്യാഴാഴ്ച ഈ നിയോഗത്തിലേയ്ക്ക് പ്രത്യേക സംഭാവന സ്വീകരിക്കണമെന്നുള്ള അതിരൂപതാ അസംബ്ലിയുടെ നിർദ്ദേശം ഏറെ സ്വീകാര്യമാണ്. ആയതിനാൽ ഈ ഫണ്ടിന്റെ പ്രാധാന്യം ബഹു. വികാരി അച്ചന്മാർ മുൻകൂട്ടി പള്ളികളിൽ അറിയിച്ച് പെസഹാ വ്യാഴാഴ്ച ഈ നിയോഗത്തിലേയ്ക്ക് സംഭാവനകൾ സ്തോത്രക്കാഴ്ചയായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. എല്ലാ കുടുംബങ്ങളും കുറഞ്ഞത് ഒരു ദിവസത്തെ വരുമാനമെങ്കിലും പേരെഴുതിയ കവറുകളിലാക്കി സ്തോത്രക്കാഴ്ചയായി സമർപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കവറുകളിൽ ലഭിക്കുന്ന സംഭാവനകൾ ഇടവകയിലെ ഓരോ കുടുംബത്തിന്റെയും CEFAC അക്കൗണ്ടിൽ ഉൾപ്പെടുത്തേണ്ടതും സമാഹരിക്കുന്ന തുക അതിരൂപതാ കാര്യാലയത്തിൽ മെയ് 10 ന് മുമ്പായി ഏൽപ്പിക്കേണ്ടതുമാണ്. ഈശോയുടെ പീഡാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമായ ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടെയും പങ്കുവെക്കലിന്റെയും ഈ അവസരത്തിൽ നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 മാർച്ച് 22 ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

Circular No: 167
Golden Jubilee of
Mariagiri E.M. School
Peermade

The Catholic Metropolitan's
House
P.B.No.71, Kottayam
Kerala, India - 686001

Date: 10/03/2015

പ്രിയ ബഹു. അച്ചാ,

നമ്മുടെ അതിരൂപതയുടെ അഭിമാനസ്തംഭമായി പീരുമേട്ടിൽ പ്രവർത്തിക്കുന്ന മരിയഗിരി ഇംഗ്ലീഷ് മീഡിയം സ്കൂൾ അതിന്റെ സുവർണ്ണ ജൂബിലിയിലേക്കു പ്രവേശിക്കുകയാണ്. അഭിവന്ദ്യ തറയിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ 1966 ൽ പ്രകൃതി രമണീയവും സുഖശീതളവുമായ പീരുമേട്ടിൽ ചൂളപ്പറമ്പിൽ ബഹു. തോമസച്ചൻ ചെറിയതോതിൽ തുടക്കം കുറിച്ച മരിയഗിരി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി സ്കൂൾ, പീരുമേട്ടിലും സമീപ പ്രദേശങ്ങളിലും നമ്മുടെ അതിരൂപതയുടെ നാനാഭാഗങ്ങളിലുമുള്ള കുട്ടികൾക്കു നൽകിയ വിലപ്പെട്ട പരിശീലനവും അതിലൂടെ അവർക്കും അവരുടെ കുടുംബങ്ങൾക്കും ക്നാനായ സമുദായത്തിനുമുണ്ടായിട്ടുള്ള പുരോഗതിയും നിസ്സീമമാണ്. ഈ സ്ഥാപനത്തെ കൈപിടിച്ചു വളർത്തിയ അഭിവന്ദ്യ പിതാക്കന്മാരെയും ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും അദ്ധ്യാപക അനദ്ധ്യാപകരെയും അവരോടു സഹകരിച്ച മാതാപിതാക്കളെയും അഭ്യുദയകാംക്ഷികളെയും ഈ അവസരത്തിൽ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം.

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മരിയഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വളർച്ചയെ ലക്ഷ്യമാക്കി ആധുനിക രീതിയിലുള്ള സ്കൂൾ കെട്ടിടങ്ങളും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങളും തയ്യാറായിക്കഴിഞ്ഞു. ഈ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വളർച്ചയുടെ പാതയിൽ മുന്നേറാൻ നമ്മുടെ കുട്ടികൾക്ക് നാം അവസരമൊരുക്കണം.

പ്രൊഫഷണൽ കോഴ്സുകളിലേക്കും മറ്റ് ഉയർന്ന മേഖലകളിലേക്കും പ്രവേശിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ഹയർസെക്കന്ററിയിൽ ലഭിക്കുന്ന മാർക്കും വളരെ പ്രധാനപ്പെട്ടവയാണ്. നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തിൽ കേരളാ സിലബസിലുള്ള ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി കോഴ്സുകൾ

ഇംഗ്ലീഷ് പരിജ്ഞാനത്തോടൊപ്പം ഉയർന്ന മാർക്ക് നേടാനും പ്രൊഫഷണൽ കോഴ്സുകളിൽ വിജയകരമായി മുന്നേറാനും കുട്ടികൾക്ക് ഏറെ സഹായകമാണ്. ഇപ്രകാരം ഉയർന്ന വിദ്യാഭ്യാസം നേടാനാഗ്രഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് അതിനുള്ള സൗകര്യം കേരളാ സിലബസ്സിൽ ഇംഗ്ലീഷ് മീഡിയത്തിൽ ഹയർ സെക്കന്ററി കോഴ്സ് നടത്തുന്ന മരിയഗിരിയിൽ ഒരുക്കുവാനാണ് നാം പരിശ്രമിക്കുന്നത്.

പത്താംക്ലാസ് പരീക്ഷയിൽ 80 ശതമാനത്തിലേറെ മാർക്കുവാങ്ങി പാസാകുന്ന കുട്ടികൾക്ക് മരിയഗിരിയിൽ ഹയർ സെക്കന്ററി കോഴ്സിൽ പ്രവേശനം ലഭിക്കുന്നതാണ്. ഇപ്രകാരം ഉയർന്ന മാർക്കുവാങ്ങി പത്താം ക്ലാസ് പാസാകുന്ന 50 കുട്ടികൾക്ക് മരിയഗിരിയിൽ സയൻസ് ഗ്രൂപ്പിൽ ചേർന്നു പഠിക്കുന്നതിനുള്ള സൗകര്യവും ആവശ്യമുള്ളവർക്ക് ഹോസ്റ്റൽ സൗകര്യവും നൽകപ്പെടുന്നതാണ്. അവിടെ താമസിച്ച് പഠിക്കുന്നവർക്ക് ഹയർ സെക്കന്ററി പഠനത്തോടൊപ്പം വിദഗ്ധരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ എൻട്രൻസ് കോച്ചിംഗും നൽകപ്പെടുന്നതാണ്. ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും മേൽനോട്ടത്തിൽ ശ്രദ്ധാപൂർവ്വം നടത്തപ്പെടുന്ന ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ആവശ്യമായ എല്ലാ പരിശീലനവും ശിക്ഷണവും നൽകുന്നതിൽ മരിയഗിരി ബദ്ധശ്രദ്ധയായിരിക്കും.

പത്താംക്ലാസ് പരീക്ഷയിൽ 80 ശതമാനത്തിലേറെ മാർക്കുവാങ്ങിയിട്ടുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വിശദവിവരങ്ങൾക്കായി മരിയഗിരി സ്കൂളിനെ സമീപിക്കാവുന്നതാണ്. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മരിയഗിരി ഹയർസെക്കന്ററി സ്കൂൾ ഒരുക്കുന്ന ഈ ജൂബിലി സമ്മാനത്തിൽ പങ്കുചേർന്ന് സമർത്ഥരായ നമ്മുടെ കുട്ടികളുടെ ഭാവി ശ്രദ്ധാപൂർവ്വം കരുപിടിപ്പിക്കാൻ മാതാപിതാക്കളെ സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

സ്നേഹപൂർവം

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

NB: 2015 മാർച്ച് 29-ാം തീയതി ഈ സർക്കുലർ ഇടവകകളിലും സ്ഥാപനങ്ങളിലും വിളിച്ചറിയിക്കേണ്ടതാണ്. സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് മുകളേൽ ബഹു. ഷാജി അച്ചനുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9447868873. E-mail: mariagiriemhss@yahoo.com.

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ഏപ്രിൽ 3, 10, 17, 24 | ജാഗരണ പ്രാർത്ഥന |
| 6 | എഫ്ഫാത്ത 2015 |
| 10 | എഫ്ഫാത്ത 2015 |
| 14 | എഫ്ഫാത്ത 2015 |
| 19 | ആന്തരിക വിശുദ്ധീകരണ ധ്യാനം (ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |
| 26 | എഫ്ഫാത്ത 2015 |
| 30 | എഫ്ഫാത്ത 2015 |

# CHAITHANYA PROGRAMME
## April 2015

| Date | Programme |
|---|---|
| 1 - | Altar Boy's Meet - Edacat Forane |
| 8 - | KSSS CBR Medical Camp |
| 9-11 - | Pre-Marriage Course |
| 10 - | KSSS CBR CRC |
| 11 - | KSSS Livestock Management Training |
| 11 - | KSSS FDP Annual Gathering |
| 11 - | KSSS Mushroom Cultivation Training |
| 11 - | KSSS Ornament-making Training |
| 13-15 - | Vocation Camp Boys |
| 14 - | KCYL - Career Guidance Programme |
| 16-18 - | Vocation Camp Girls |
| 16 - | KSSS Beautician Training |
| 22 - | World Earth Day Celebrations |
| 22 - | KSSS Livestock Management Training (3rd- Phase) |
| 23 - | Panchayatiraj Day Celebrations |
| 24 - | Wake Knanaya Students Meet |
| 27 - | KSSS Coordinators' Meeting |

# വൊക്കേഷൻ കമ്മീഷൻ

## ദൈവവിളി ക്യാമ്പുകൾ

കോട്ടയം അതിരൂപതാ ദൈവവിളി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവിളി ക്യാമ്പ് കോട്ടയത്ത് ആൺകുട്ടികൾക്ക് ഏപ്രിൽ 13 മുതൽ 15 വരെയും പെൺകുട്ടികൾക്ക് ഏപ്രിൽ 16 മുതൽ 18 വരെയും ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മലബാറിൽ പെൺകുട്ടികൾക്കുള്ള ക്യാമ്പ് ഏപ്രിൽ 13 മുതൽ 15 വരെയും ആൺകുട്ടികൾക്കുള്ള ക്യാമ്പ് 16 മുതൽ 18 വരെയും കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തും.

ക്യാമ്പുകൾ ആദ്യദിവസം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മൂന്നാം ദിവസം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ കത്തും, 300 രൂപാ ക്യാമ്പ് ഫീസും കൊണ്ടുവരണം.

## മേജർ സെമിനാരിയൻസ് ക്യാമ്പ്

കോട്ടയം അതിരൂപതയിലെ മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ ഈ വർഷത്തെ ക്യാമ്പ് 2015 ഏപ്രിൽ 26-ാം തീയതി മുതൽ 28 -ാം തീയതി വരെ പീരുമേട്ടിലുള്ള മരിയഗിരി സ്കൂളിൽവച്ച് നടത്തപ്പെടുന്നതാണ്. അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന നാല് സെമിനാരികളിൽ നിന്നുമുള്ള വൈദികവിദ്യാർത്ഥികൾ ഈ ക്യാമ്പിൽ സംബന്ധിക്കുന്നതാണ്. ക്നാനായ സമുദായത്തെ കൂടുതൽ മനസ്സിലാക്കുന്നതിനും കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനും സഹായകമായ രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.

2015 ഏപ്രിൽ 28-ാം തീയതി മരിയഗിരി സ്കൂളിലെ ബോർഡിംഗ് ചാപ്പലിൽ വച്ച് വൈദിക വിദ്യാർത്ഥികൾ പൗരോഹിത്യപട്ടത്തിനൊരുക്കമായ മ്ശംശാന പട്ടവും, ചെറുപട്ടങ്ങളും സ്വീകരിക്കുന്നതാണ്. അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ എന്നിവർ കാർമ്മികരായിരിക്കും.

**ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ**

ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ

# കെ. സി. എസ്. എൽ.

## വാർഷികം സംഘടിപ്പിച്ചു

**കോട്ടയം:** കോട്ടയം അതിരൂപത കെ.സി.എസ്.എൽ സംഘടനയുടെ 2014 – 15 വർഷത്തെ വാർഷിക സമ്മേളനം സംഘടിപ്പിച്ചു. ഏറ്റുമാനൂർ ടൗൺ യു. പി സ്കൂളിൽ നടത്തപ്പെട്ട വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇളപ്പാനിക്കൽ നിർവ്വഹിച്ചു. ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ച് സേവന സന്നദ്ധരായി വളരുവാൻ വിദ്യാർത്ഥികൾക്ക് കെ.സി.എസ്.എൽ സംഘടനയുടെ പ്രവർത്തനം വഴിയായി സാധിക്കണമെന്ന് അദ്ദേഹം പറഞ്ഞു. വിശ്വാസം, പഠനം, സേവനം എന്നിവ കുട്ടികൾ മുഖമുദ്രയായി സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമ്മേളനത്തിൽ കെ.സി.എസ്. എൽ അതിരൂപത പ്രസിഡന്റ് ജോസ്മോൻ ഇടശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം അതിരൂപത വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് ആദോപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ഏറ്റുമാനൂർ ടൗൺ യു. പി സ്കൂൾ മാനേജർ ഫാ. മാത്യു കുഴിപ്പള്ളിൽ, ഹെഡ്മാസ്റ്റർ ബിജുമോൻ പി. കെ, കെ.സി.എസ്.എൽ കോട്ടയം അതിരൂപത ഡയറക്ടർ ഫാ.ജിനു കാവിൽ, സി. വിമൽ എസ്.ജെ.സി, സോജൻ കെ. സി എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് വിവിധ കലാ സാഹിത്യ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാന വിതരണവും നടത്തപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിൽ കിടങ്ങൂർ സെന്റ് മേരീസ് ഹൈ സ്കൂളും യു. പി വിഭാഗത്തിൽ കരിങ്കുന്നം സെന്റ് അഗസ്റ്റ്യൻസ് സ്കൂളും ഓവർ ഓൾ കിരീടം കരസ്ഥമാക്കി. കോട്ടയം അതിരൂപതയിലെ ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച യൂണിറ്റായി സെന്റ് മേരീസ് ഹൈസ്കൂൾ കിടങ്ങൂരും റണ്ണറപ്പായി ഹോളിക്രോസ് ഹൈസ്കൂൾ മോനിപ്പള്ളിയും തെരഞ്ഞെടുക്കപ്പെട്ടു. യു. പി വിഭാഗത്തിൽ സെന്റ് തോമസ് യു. പി സ്കൂൾ കുറുമുള്ളൂരും, റണ്ണറപ്പായി സെന്റ് റോക്കീസ് യു. പി സ്കൂൾ അരീക്കരയും തെരഞ്ഞെടുക്കപ്പെട്ടു.

**ഫാ. ജിനു കാവിൽ**

അതിരൂപത ഡയറക്ടർ, കെ. സി. എസ്. എൽ.

# സെന്റ് വിൻസന്റ് ഡി പോൾ

## വാർഷിക ധ്യാനം നടത്തി

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സെൻട്രൽ കൗൺസിൽ എല്ലാ വർഷവും വലിയ നോമ്പു കാലത്ത് നടത്തിവരാറുള്ള വാർഷികധ്യാനം ഈ വർഷം മൂന്ന് സ്ഥലങ്ങളിലായി നടത്തി.

മടമ്പം, മലബാർ, രാജപുരം എ.സി.കളിൽ പെട്ടവർക്കായി മാർച്ച് 7-ാം തീയതി ശനിയാഴ്ച പയ്യാവൂർ സെന്റ് ആൻസ് ദേവാലയത്തിൽ നടന്ന ധ്യാനത്തിന് പ്രാരംഭമായി 10 മണിക്ക് അവിടത്തെ അസി. വികാരിയും മേഴ്സി ഹോസ്പിറ്റൽ ഡയറക്ടറുമായ ഫാ. സജി മേക്കാട്ട് ദിവ്യബലി അർപ്പിച്ചു. തുടർന്ന് ഇടവക വികാരിയായ ഫാ. തോമസ് കൊച്ചുപുത്തൻപുര ഔപചാരികമായി ഇദ്ഘാടനം ചെയ്തതോടെ ധ്യാനം ആരംഭിച്ചു. പയ്യന്നൂർ കപ്പൂച്ചിൻ മൈനർ സെമിനാരി റെക്ടർ ഫാ. അനിൽ മങ്ങാട്ട് OFM ധ്യാനം നയിച്ചു. ഉച്ചയ്ക്ക് 1.15ന് അവസാനിച്ച ധ്യാനത്തിൽ മൂന്ന് എ.സി.കളിൽ നിന്നായി 150ഓളം പേർ പങ്കെടുത്തു.

പെരിക്കല്ലൂർ എ.സി.യിൽ പെട്ടവർക്കായുള്ള ധ്യാനം മാർച്ച് 20-ാം തീയതി വെള്ളിയാഴ്ച പെരിക്കല്ലൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് സെന്റ് തോമസ് ഫൊറോനാ വികാരി ഫാ. വിൻസൺ കുരുട്ടുപറമ്പിൽ ഉദ്ഘാടനം ചെയ്ത ധ്യാനം ബത്തേരി അൽ പേർണാ ആശ്രമത്തിലെ ഫാ. ജോർജ് നയിച്ചു. ഉച്ചയ്ക്ക് 12.15ന് ഫാ. വിൻസൺ കുരുട്ടുപറമ്പിൽ അർപ്പിച്ച ദിവ്യബലിയോടെ ധ്യാനപരിപാടികൾ സമാപിച്ചു. എ.സി.യിലെ വിവിധ കോൺഫ്രൻസുകളിൽ നിന്നായി 50 പേർ ധ്യാനത്തിൽ പങ്കെടുത്തു.

കോട്ടയം സി.സി.യിലെ മലബാർ മേഖല ഒഴികെയുള്ള കോൺഫ്രൻസ് അംഗങ്ങൾക്കായുള്ള ധ്യാനം മാർച്ച് 22-ാം തീയതി ഞായറാഴ്ച തെള്ളകം ചൈതന്യാ ഓഡിറ്റോറിയത്തിൽ നടത്തി. രാവിലെ 9 മണിക്ക് സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. അലക്സ് ആക്കപ്പറമ്പിൽ ദിവ്യബലി അർപ്പിക്കുകയും തുടർന്ന് ധ്യാനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അറിയപ്പെടുന്ന വചനപ്രഘോഷകനും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗവുമായ ബ്ര. ഇടുക്കി തങ്കച്ചൻ ധ്യാനം നയിച്ചു. ഉച്ചയ്ക്ക് 1.15ന് സമാപിച്ച ധ്യാനത്തിൽ 425 പേർ പങ്കെടുത്തു.

## യാത്രയയപ്പു നൽകി

കോട്ടയം സി.സി.യിൽ വിവിധ എ.സി.കളിൽ പ്രസിഡന്റുമാരായി ആറ് വർഷം ശുശ്രൂഷാ കാലാവധി പൂർത്തിയാക്കി സ്ഥാനം ഒഴിഞ്ഞ എ.സി. പ്രസിഡന്റുമാർക്ക് വാർഷിക ധ്യാനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ വച്ച് യാത്രയയപ്പു നൽകി. സ്ഥാനം ഒഴിഞ്ഞ എ.സി. പ്രസിഡന്റുമാരായ ബ്ര. സി. ജെ. ജോസ് (മടമ്പം), ബ്ര. കെ. റ്റി. തോമസ് (കോട്ടയം), ബ്ര. എം. സി. ജെയിംസ് (ചുങ്കം), ബ്ര. വി. കെ. സ്റ്റീഫൻ (മോനിപ്പള്ളി), ബ്ര. റ്റി. എം. ജോണി (പടമുഖം) എന്നിവരെ അനുമോദിച്ചും ആശംസകളർപ്പിച്ചും സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. അലക്സ് ആക്കപ്പറമ്പിൽ സംസാരിക്കുകയും സി.സി. വക ഉപഹാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. അഞ്ചുപേരെയും പ്രതിനിധീകരിച്ചുകൊണ്ട് ബ്ര. കെ. റ്റി. തോമസ് മറുപടി പറഞ്ഞു.

## പുതിയ പ്രസിഡന്റുമാർ

1. പയ്യാവൂർ സെന്റ് ആൻസ് കോൺഫ്രൻസ് - ബ്ര. എം. പി. ജേക്കബ്, മുട്ടാട്ടുമലയിൽ
2. ബൈസൺവാലി മായൽത്തമാതാ കോൺഫ്രൻസ് - ബ്ര. ജോൺ ജോസഫ്, കുടുംബക്കുഴിയിൽ

**കെ. ജെ. ജോസ്**
പ്രസിഡന്റ്

# കെ. സി. വൈ. എൽ.

## കരിയർ ഗൈഡൻസ് പ്രോഗ്രാം ഏപ്രിൽ 14ന് ചൈതന്യയിൽ

തെള്ളകം : മികച്ച കരിയർ തെരഞ്ഞെടുക്കുന്നതിനുള്ള അനന്ത സാദ്ധ്യതകളെ യുവജനങ്ങൾക്ക് പരിചയപ്പെടുത്തുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു കരിയർ ഗൈഡൻസ്

പ്രോഗ്രാം ഏപ്രിൽ 14-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. കരിയർ ഗൈഡൻസ് രംഗത്തെ വിദഗ്ദ്ധനായ ഡോ. പി. ആർ. വെങ്കട്ടരാമൻ, പി. എസ്.സി. അംഗം ശ്രീമതി ഗ്രേയ്സമ്മ മാത്യു എന്നിവർ ക്ലാസുകൾ നയിക്കുന്നതാണ്. യുവജനങ്ങളോടൊപ്പം മാതാ പിതാക്കൾക്കും പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. 150 രൂപ രജിസ്ട്രേഷൻ ഫീ ഉണ്ടാ യിരിക്കും. ഏപ്രിൽ 12-ാം തീയതിക്ക് മുൻപായി യൂണിറ്റ് ഭാരവാഹി കൾ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. വൈകുന്നേരം 5 മണിയോടെ പ്രോഗ്രാം സമാപിക്കുന്നതാണ്.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരിയുടെ എക്സിക്യൂട്ടീവ് യോഗം മാർച്ച് 10-ാം തീയതി ചൊവ്വാഴ്ച 2.pm ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസി ഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രാരംഭ പ്രാർത്ഥനയ്ക്കു ശേഷം ജ്ഞാന വായന നടത്തി. അതിരൂപതാ ചാപ്ലയിൻ ഫാ. ജോസ് കുറുപ്പന്തറയുടെ നേതൃത്വത്തിൽ മാർച്ച് 20-ാം തീയതി നടത്തിയ ലീജി യൻ ഓഫ് മേരിയുടെ വാർഷിക സമ്മേളനത്തെക്കുറിച്ചും ഡയറക്ടറി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. 4 മണിക്ക് യോഗം പര്യവസാനിച്ചു.

2015 മാർച്ച് 20-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 ന് രജിസ്ട്രേ ഷനോടുകൂടി ലീജിയൻ ഓഫ് മേരിയുടെ വാർഷിക സമ്മേളനം ആരം ഭിച്ചു. പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം ഫാ. ബിജിൽ (കാരിസ്ഭവൻ) പരി. കന്യകാമറിയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ദിവ്യകാരുണ്യ ആരാധനയ്ക്കും വി. കുർബാനയ്ക്കും ശേഷം 2 മണിയോടുകൂടി പ്രസി ഡന്റ് സിസ്റ്റർ മോളി സൈമണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷിക സമ്മേളനം ചൈതന്യാ ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാ ടനം ചെയ്തു. ചടങ്ങിൽ ചാപ്ലയിൻ ഫാ. ജോസ് കുറിപ്പന്തറയ്ക്കും സിസ്റ്റർ ജോസ്ലെറ്റ് എസ്.ജെ.സി.യ്ക്കും മാനഹേതുക തിരുനാൾ ആശംസകൾ നേർന്നു. മൂന്നരയോടെ സമ്മേളനം അവസാനിക്കുകയും ലീജിയൻ ഓഫ് മേരിയുടെ സമാപന പ്രാർത്ഥന നടത്തി അംഗങ്ങൾ പിരിയുകയും ചെയ്തു. അടുത്ത എക്സിക്യൂട്ടീവ് യോഗം ഏപ്രിൽ 7-ാം തീയതി കൂടു ന്നതാണ്.

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## വികസന പാതയിൽ വരും ദിനങ്ങളിൽ

### എസ്.എ.എഫ്.പി കുടുംബശാക്തീകരണ പദ്ധതി – പങ്കാളികളുടെ വാർഷിക സംഗമം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് 300 കുടുംബങ്ങളിലായി നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിൽ പങ്കാളികളായ കുടുംബാംഗങ്ങളുടെ വാർഷിക സംഗമം സംഘടിപ്പിക്കുന്നു. 2015 ഏപ്രിൽ 11-ാം തീയതി ശനിയാഴ്ച 10 മണിക്ക് ചൈതന്യയിലാണ് സംഗമം സംഘടിപ്പിക്കുന്നത്. 2015 അന്താരാഷ്ട്ര മണ്ണ് വർഷാചരണത്തിന്റെ ഭാഗമായി മുഴുവൻ എസ്.എ.എഫ്.പി, എഫ്.ഡി.പി പങ്കാളികളുടെയും കുടുംബങ്ങളിൽ കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന 'ജൈവകൃഷിത്തോട്ടം' പദ്ധതിയുടെ ഉദ്ഘാടനം, കുടുംബശാക്തീകരണ സെമിനാർ, വാർഷിക സംഗമ പൊതുസമ്മേളനം, കുടുംബാംഗങ്ങളുടെ കലാപരിപാടികൾ, വിവിധ മത്സരങ്ങൾ തുടങ്ങിയവ സംഗമത്തോടനുബന്ധിച്ച് നടത്തുന്നതാണ്.

### ദേശീയ പഞ്ചായത്തീ രാജ് ദിനാഘോഷവും നേതൃപരിശീലനവും

ദേശീയ പഞ്ചായത്തീ രാജ് ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തീ രാജ് ദിനാചരണവും നേതൃപരിശീലനവും സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസ് സ്വാശ്രയസംഘ പ്രവർത്തനങ്ങളിലൂടെ ത്രിതല പഞ്ചായത്ത്, ബാങ്ക് തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് വിജയിച്ച് നേതൃസ്ഥാനത്തെത്തിയവരുടെയും വരുന്ന തെരഞ്ഞെടുപ്പിൽ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് നേതൃരംഗത്ത് കടന്നുവരുവാൻ ആഗ്രഹിക്കുന്നവരുടെയും സംഗമദിനമായാണ് ദിനാഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. ഏപ്രിൽ 23 വ്യാഴാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്ന ദിനാഘോഷത്തോടനുബന്ധിച്ച് അനുഭവ കൂട്ടായ്മ, നേതൃപരിശീലനം എന്നിവയും സംഘടിപ്പിക്കും.

### വയോജനങ്ങൾക്കായി സീനിയർ ക്ലസ്റ്റർ മീറ്റിംഗുകൾ

കെ.എസ്.എസ്.എസ് സീനിയർ സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്ര ക്ഷേമവും മാനസിക ഉല്ലാസവും ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ ക്ലസ്റ്റർ

മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. സീനിയർ ക്ലസ്റ്റർ മീറ്റിംഗിനോടനുബന്ധിച്ച് വയോജനങ്ങൾക്കായുള്ള ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുള്ള ക്ലാസും ഫിസിയോതെറാപ്പിയും, വ്യായാമ പരിശീലനവും ക്രമീകരിച്ചിട്ടുണ്ട്.

## തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് പ്രവർത്തന ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ക്യാമ്പിൽ പങ്കെടുത്ത് രോഗ നിർണ്ണയം നടത്തുന്നവർക്ക് തുടർ ചികിത്സാ സൗകര്യങ്ങളും ഒരുക്കുന്നതാണ്.

## ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് അവസരം ഒരുക്കുന്നു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ രൂപീകൃതമായിരിക്കുന്ന ഹരിതവേദി, സൗഹൃദവേദി, നാളികേര ഉല്പാദക സംഘം എന്നീ ഗ്രൂപ്പുകളിൽ അംഗങ്ങളായിരിക്കുന്നവർക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് അവസരം ഒരുക്കുന്നു. $2m^3$ വലിപ്പമുള്ള പ്ലാന്റാണ് പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. 35000 രൂപ ചിലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 2000 രൂപ കെ.എസ്.എസ്.എസ് സബ്സിഡിയായി ലഭ്യമാക്കും. 33000 രൂപ ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച് ഒരുവർഷത്തിനുള്ളിൽ അനെർട്ട് സബ്സിഡിയായ 9000 രൂപ ലഭ്യമാക്കും.

## പുരുഷഗ്രൂപ്പ് അംഗങ്ങൾക്കായി ഏകദിന തെങ്ങ് കയറ്റ പരിശീലനം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ വിവിധ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പുരുഷ സ്വാശ്രയ സംഘാംഗങ്ങൾക്കായി തെങ്ങ് കയറ്റ പരിശീലനം സംഘടിപ്പിക്കുന്നു. ലോക തൊഴിലാളി ദിനമായ മെയ് 1 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ രാവിലെ 10.30 മുതൽ 4 വരെയാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പരിശീലനത്തോടനുബന്ധിച്ച് തെങ്ങ് പരിചരണ മാർഗ്ഗങ്ങളും വളപ്രയോഗങ്ങളും എന്ന വിഷയത്തിൽ വിദഗ്ധർ ക്ലാസ് നയിക്കും.

## വാഹന–റോഡ് സുരക്ഷ പരിശീലന ക്ലാസ്സുകൾ

വാഹന-റോഡ് സുരക്ഷ അവബോധം പൊതുസമൂഹത്തിൽ ഉളവാക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

സംസ്ഥാന റോഡ് സുരക്ഷ അതോറിറ്റിയുമായി സഹകരിച്ച് വാഹന റോഡ് സുരക്ഷ അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി ഏപ്രിൽ 29 ബുധനാഴ്ച രാവിലെ 10.30 മുതൽ ഡ്രൈവർമാർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയോട നുബന്ധിച്ച് റോഡ് സുരക്ഷ നിയമങ്ങളെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും.

## സൗജന്യ സ്ത്രീ സുരക്ഷ നിയമ സഹായ സെൽ

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ സഹകരണ ത്തോടുകൂടി കെ.എസ്.എസ്.എസ് ആസ്ഥാനമായ ചൈതന്യയിൽ സ്ത്രീസുരക്ഷ നിയമ സഹായ സെൽ പ്രവർത്തിച്ചുവരുന്നു. തിങ്കൾ മുതൽ വെള്ളി വരെ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയാണ് സെന്റർ പ്രവർത്തിക്കുന്നത്. ഗാർഹിക പീഢന നിരോധന നിയമമനുസരിച്ച് സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സൗജന്യ നിയമ സഹായവും കൗൺസിലിംഗും ഇതര സേവനങ്ങളും സെന്റർ വഴി ലഭ്യമാണ്. നിയമ സഹായ സെല്ലി ന്റെ സേവനം പ്രയോജനപ്പെടുത്താവാൻ ആഗ്രഹിക്കുന്നവർ 9846269558 എന്ന നമ്പരിൽ ബന്ധപ്പെടുക..

## ഭൗമദിനാചരണം ചൈതന്യയിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ഭൗമദിനാചരണം സംഘടിപ്പിക്കുന്നു. ഏപ്രിൽ 22 ബുധനാഴ്ച ചൈതന്യയിൽ സംഘടിപ്പിക്കുന്ന ദിനാചരണ ത്തിൽ 'മണ്ണ് ജീവന്റെ അടിത്തറ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും പ്രമുഖർ പങ്കെടുക്കുന്ന പൊതുസമ്മേളനവും, മണ്ണ് പരി ശോധനയും ക്രമീകരിച്ചിട്ടുണ്ട്. ഭൗമദിനത്തിന്റെ പ്രാധാന്യവും മണ്ണ് സംര ക്ഷണ സന്ദേശവും പൊതുസമൂഹത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോ ടെയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. കൈപ്പുഴ മേഖലയുടെ നേതൃ ത്വത്തിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

## വീട്ടിൽ ഒരു മൺകൂജ വ്യാപന പദ്ധതി

അന്താരാഷ്ട്ര മണ്ണ് വർഷാചരണത്തോടനുബന്ധിച്ച് കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ കർമ്മ പദ്ധതികളുടെ ഭാഗമായി വീട്ടിലൊരു മൺകൂജ വ്യാപന പദ്ധതി വിഭാ

വനം ചെയ്യുന്നു. മണ്ണ് ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 3 ലിറ്ററിന്റെ 150 രൂപ വിലയുള്ള കൂജ സംഘാംഗങ്ങൾക്ക് 125 രൂപയ്ക്കും 2 ലിറ്ററിന്റെ 125 രൂപ വിലയുള്ള കൂജ 110 രൂപയ്ക്കും ലഭ്യമാക്കും.

## കിണർ നിറയ്ക്കൽ പദ്ധതി പൂർത്തീകരണത്തിലേക്ക്

ജലനിധി പദ്ധതിയുടെ ഭാഗമായി കെ.എസ്.എസ്.എസ് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കിണർ നിറയ്ക്കൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പദ്ധതിയുടെ ഭാഗമായി 400 വീടുകളിലെ കിണർ നിറയ്ക്കൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

## കുടിവെള്ള വിതരണ പദ്ധതി പുരോഗമിക്കുന്നു

ജലനിധി പദ്ധതിയുടെ ഭാഗമായി കെ.എസ്.എസ്.എസ് മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഏഴാം വാർഡിലെ സമൃദ്ധി, എട്ടാം വാർഡിലെ മരങ്ങാട്ടുപിള്ളി എന്നീ ശുദ്ധജല വിതരണ സമിതികൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ട്രയൽ റൺ നടത്തി വെള്ളം പമ്പ് ചെയ്ത് തുടങ്ങി. ഏപ്രിൽ മാസത്തിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ച് ഗുണഭോക്താക്കൾക്ക് ശുദ്ധജല വിതരണം ആരംഭിക്കും.

## ഹരിത സമൃദ്ധിയിലൂടെ ജീവിതസമൃദ്ധിയിലേക്ക്

ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി കെ.എസ്.എസ്.എസ് പ്രവർത്തനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി ജീവിതത്തിൽ ക്രിയാത്മക നേട്ടങ്ങൾ കൈവരിച്ച ലൈഫ് പദ്ധതി പ്രദേശങ്ങളിലെ വ്യക്തികളുടെ അനുഭവങ്ങളുടെ വ്യക്തിഗത വിവരണ ലേഖന മത്സരം സംഘടിപ്പിക്കുന്നു. പേപ്പറിൽ കൈ കൊണ്ട് എഴുതി തയ്യാറാക്കുന്ന മൂന്ന് പേജിൽ കവിയാത്ത അനുഭവക്കുറിപ്പുകൾ എപ്രിൽ 30 നകം കെ.എസ്.എസ്.എസ് കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്. വിവരണത്തിന്റെ ഭംഗി, ആശയമികവ്, പദ്ധതി ഘടകങ്ങളുടെ ക്രിയാത്മക നടത്തിപ്പ് എന്നിവയെ ആസ്പദമാക്കി വിജയികളെ തെരഞ്ഞെടുക്കുന്നതാണ്. പദ്ധതി നടത്തിപ്പ് വ്യക്തമാക്കുന്ന ഗുണഭോക്താവ് ഉൾപ്പെടുന്ന തരത്തിലുള്ള

ഫോട്ടോയും ലേഖനത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന വിജയികൾക്ക് ആകർഷക സമ്മാനങ്ങൾ നൽകുന്നതാണ്.

## ഹരിത സമൃദ്ധി പദ്ധതി – മീൻ വളർത്തലിന് അവസരം

ഹരിത സമൃദ്ധി പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ലക്ഷ്യമിട്ട് മീൻ വളർത്തൽ പദ്ധതി വിപുലമായി നടത്തുവാൻ അവസരം ഒരുക്കുന്നു. കുളങ്ങളുടെ വശങ്ങളും മുകൾ ഭാഗവും നെറ്റ് കൊണ്ട് മറച്ച് നടപ്പിലാക്കുന്ന മീൻവളർത്തൽ പദ്ധതിയിൽ പങ്കാളികളാകുന്നവർക്ക് കുളങ്ങളിൽ നെറ്റ് ക്രമീകരിക്കുന്നതിന് 5000 രൂപയും മീൻ വളർത്തൽ ആരംഭിക്കുന്നതിന് 5000 രൂപയും ചേർത്ത് ആകെ 10000 രൂപ സബ്സിഡിയായി ലഭ്യമാക്കും. ഇടയ്ക്കാട്, കൈപ്പുഴ മേഖലയിൽ നിന്നും പദ്ധതിയിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന സ്വാശ്രയ സംഘാംഗങ്ങൾ അനിമേറ്ററുടെ പക്കൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## <u>പരിശീലനങ്ങൾ</u>

## വരുമാന സംരംഭകത്വ തുടർ പരിശീലനം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 23 ന് ചൈതന്യയിൽ നടത്തിയ ആഭരണം, പാചകം, ഫ്ളവർ അറേഞ്ച്മെന്റ്, സ്ക്രീൻ പ്രിന്റിംഗ് തുടങ്ങിയ പരിശീലനങ്ങളുടെ തുടർച്ചയായി ഏപ്രിൽ 20 ന് രണ്ടാം ഘട്ട തുടർ പരിശീലനം സംഘടിപ്പിക്കുന്നു.

## വരുമാന സംരംഭകത്വ തുടർ പരിശീലനം – മൂന്നാം ഘട്ടം

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ജനുവരി 6-ാം തീയതി ചൈതന്യയിൽ നടത്തിയ ആഭരണം, പാചകം, ഫ്ളവർ അറേഞ്ച്മെന്റ്, സ്ക്രീൻ പ്രിന്റിംഗ് തുടങ്ങിയ പരിശീലനങ്ങളുടെ തുടർച്ചയായി ഫെബ്രുവരി 26-ാം തീയതി രണ്ടാം ഘട്ട തുടർ പരിശീലനം സംഘടിപ്പിച്ചു. അതിൽ പങ്കെടുത്തവർക്കായി ഏപ്രിൽ 22 ന് മൂന്നാം ഘട്ട തുടർ പരിശീലനം സംഘടിപ്പിക്കുന്നു

## ബ്യൂട്ടീഷ്യൻ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗങ്ങൾക്കായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഒരു മാസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ഏപ്രിൽ 16 വ്യാഴാഴ്ച മുതൽ ചൈതന്യ

കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## തയ്യൽ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗങ്ങൾക്ക് തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ ഏപ്രിൽ 6–ാം തീയതി തിങ്കൾ മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലും പരിശീലനം സംഘടിപ്പിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9544058840 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കൂൺ കൃഷി പരിശീലനം

പരിസ്ഥിതി സൗഹൃദ കൃഷി രീതികളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ കൃഷി തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

സ്വാശ്രയ സംഘാംഗങ്ങൾക്ക് വിവിധ സ്വയം തൊഴിൽ പദ്ധതികളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

വിവിധ സ്വയം തൊഴിൽ പദ്ധതികളിൽ പരിശീലനം നൽകി സ്വാശ്രയ സംഘാംഗങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യ

ത്തോടെ ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

സ്വാശ്രയസംഘാംഗങ്ങളിൽ ബദൽ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

### <u>കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ</u>

## കെ.എസ്.എസ്.എസ് വനിതാദിനാഘോഷം സംഘടിപ്പിച്ചു

സ്ത്രീ ശക്തി വിളിച്ചോതി കോട്ടയം സോഷ്യൽ സർവ്വീസ് നേതൃത്വത്തിൽ വനിതാ ദിനാഘോഷം സംഘടിപ്പിച്ചു. കാരിത്താസ് കവലയിൽ നിന്നും ചൈതന്യയിലേയ്ക്ക് നടത്തപ്പെട്ട വർണ്ണശബളമായ വനിതാദിന റാലിയോടെയാണ് ദിനാചരണത്തിന് തുടക്കമായത്. റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പത്മിനി തോമസ് നിർവ്വഹിച്ചു. തുടർന്ന് സ്ത്രീ ശാക്തീകരണം സ്വാശ്രയസംഘങ്ങളിലൂടെ എന്ന വിഷയത്തിൽ ലതികാ സുഭാഷ് സെമിനാർ നയിച്ചു. വനിതാ ദിനാഘോഷ പരിപാടികളുടെ ഉദ്ഘാടന കർമ്മം പത്മശ്രീ ഷൈനി വിത്സൺ, മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിൽ കേരളാ ടീമിനെ നയിച്ച പ്രീജാ ശ്രീധരൻ, ദേശീയ ഗെയിംസ് മെഡൽ ജേതാവ് മാർഗ്ഗരറ്റ് മരിയാ റെജി എന്നിവർ സംയുക്തമായി തിരി തെളിച്ച് നിർവ്വഹിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്തായും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സുരേഷ് കുറുപ്പ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. വനിതാ ദിന സന്ദേശം സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. പ്രമീളാ ദേവി ജെ. നൽകി. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി, കെ.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിതാ സുജാതൻ, ലതികാ സുഭാഷ്, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ

കണ്ടോത്ത്, വനിതാ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് ലിസി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് പത്മശ്രീ ഷൈനി വിത്സൺ, പ്രീജാ ശ്രീധരൻ, മാർഗ്ഗരറ്റ് മരിയ റെജി സാമൂഹ്യ പ്രവർത്തക ആനി ബാബു എന്നിവരെ ആദരിച്ചു. കൂടാതെ കെ.എസ്.എസ്.എസ് മാതൃകാ വനിതാ സംരംഭകർക്കുള്ള പുരസ്ക്കാരങ്ങളും ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായ വിതരണവും നടത്തപ്പെട്ടു. വനിതകൾക്കായി സംഘടിപ്പിച്ച ഭാഗ്യതാരം നറുക്കെടുപ്പിൽ കുഞ്ഞുമോൾ രാജു വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു. വനിതാ ദിനാഘോഷ പരിപാടികളുടെ ഭാഗമായി വനിതകൾക്കായി ചാക്കിലോട്ടം, സ്കൂട്ടർ സ്ലോ റൈസ്, എന്നീ മത്സരങ്ങളും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

## വനവത്ക്കരണ – ജലദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന വനം വകുപ്പിന്റെ സഹകരണത്തോടെ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വനവത്ക്കരണ - ജല ദിനാചരണം സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഉദ്ഘാടനം വന ഗതാഗത പരിസ്ഥിതി വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ റെയ്ഞ്ച് ഓഫീസർ പ്രിയ റ്റി. ജോസഫ്, കെ.എസ്.എസ്.എസ് അസി. സെക്രട്ടറിമാറായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത്, പ്രോഗ്രാം ഓഫീസർ സിറിയക് ജോസഫ്, ചിന്നമ്മ രാജൻ, അജീഷ് മോൻ ജോയി, ജോസി ജോൺ, ബെന്നി കെ. തോമസ്, ബെസി ജോസ് എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ സംരക്ഷണം വനവത്ക്കരണത്തിലൂടെ എന്ന വിഷയത്തിൽ കോട്ടയം നേച്ചർ സൊസൈറ്റി പരിസ്ഥിതി വിദഗ്ദ്ധൻ ജെസൻ ടി. ദാസ് സെമിനാർ നയിച്ചു. കൂടാതെ വന സംരക്ഷണ സന്ദേശം പകർന്ന് നൽകുന്ന എക്സിബിഷനും, തേക്കിൻ തൈകളുടെ വിതരണവും നടത്തപ്പെട്ടു. ഇരുന്നൂറോളംപേർ ദിനാചരണത്തിൽ പങ്കെടുത്തു.

## സഞ്ചരിക്കുന്ന ജൈവ ഉല്പന്ന വിപണിയുമായി കെ.എസ്.എസ്.എസ് നവജീവൻ പുരുഷ കർഷക കൂട്ടായ്മ

ജൈവ ഭക്ഷ്യ ഉല്പന്നങ്ങൾ അന്വേഷിക്കുന്നവർക്ക് ഇതാ ഒരു സന്തോഷവാർത്ത. ജൈവകൃഷിയിൽ ഉല്പാദിപ്പിച്ചെടുത്ത ഭക്ഷ്യ ഉല്പന്നങ്ങൾ സഞ്ചരിക്കുന്ന മൊബൈൽ ജൈവ ഉല്പന്ന വിപണിയായി ക്രമീകരിച്ച്

ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്ന സംരംഭവുമായി മുന്നോട്ട് വന്നിരിക്കുകയാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ കുറുപ്പന്തറ മേമ്മുറി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന നവജീവൻ പുരുഷ കർഷക കൂട്ടായ്മയിലെ അംഗങ്ങൾ. പച്ചക്കപ്പ, പടവലങ്ങ, പയർ, ചീര, ചുരയ്ക്ക, പീച്ചിൽ, പാവൽ, വെള്ളരി, വെണ്ട, വഴുതന, ഏത്തക്കുല തുടങ്ങി വിവിധങ്ങളായ ഭക്ഷ്യ ഉല്പന്നങ്ങൾ ജൈവകൃഷി അവലംബിച്ച് കൃഷി ചെയ്ത് ആവശ്യക്കാർക്ക് എത്തിച്ച് കൊടുക്കുകയാണ് സഞ്ചരിക്കുന്ന മൊബൈൽ ജൈവ ഉല്പന്ന വിപണി എന്ന ആശയത്തിലൂടെ ഈ പുരുഷ സ്വാശ്രയസംഘകൂട്ടായ്മയിലെ അംഗങ്ങൾ. മൊബൈൽ ജൈവ ഉല്പന്ന വിപണി എന്ന ഇവരുടെ ആശയത്തിന് പൂർണ്ണ പിന്തുണയും പ്രോത്സാഹനവും നൽകുന്നത് കെ.എസ്.എസ്.എസാണ്.

രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാത്ത ഇവരുടെ ഉല്പന്നങ്ങൾക്ക് ആവശ്യക്കാരേറെയാണ്. പുരുഷ കർഷക കൂട്ടായ്മയിലെ ഏഴ് അംഗങ്ങളുടെ നേതൃത്വത്തിലാണ് വിപണി പ്രവർത്തിച്ചുവരുന്നത്. തങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുന്നതോടൊപ്പം ആവശ്യക്കാർക്ക് സ്വാദിഷ്ടമായ ജൈവഭക്ഷ്യ ഉല്പന്നങ്ങൾക്ക് അതത് പ്രദേശങ്ങളിൽ എത്തിക്കുവാനും ഒപ്പം തങ്ങളുടെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുവാനും ഈ മൊബൈൽ ജൈവഉല്പന്ന വിപണി വഴിയായി സാധിക്കുന്നുവെന്ന് സംഘത്തിലെ അംഗങ്ങൾ അഭിമാനത്തോടെ പറയുന്നു.

വിപണനത്തിനായി വാഹനം ഓരോ ദിവസവും അയച്ചതിനുശേഷം ശേഷിക്കുന്ന അംഗങ്ങളുടെ നേതൃത്വത്തിൽ ഇവർ കൃഷിയിടത്തിൽ എത്തി അദ്ധ്വാനം തുടരുന്നു. സ്വന്തം കൃഷി ഭൂമിയോടൊപ്പം പാട്ടത്തിനെടുത്ത കൃഷിഭൂമിയിലുമായാണ് ഇവർ കൃഷി ചെയ്യുന്നത്. ജൈവകൃഷിരീതിയിൽ ഭക്ഷ്യഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതോടൊപ്പം നെൽകൃഷി, മീൻകൃഷി എന്നിവയും ഇവർ കൂട്ടായ്മയോടെ ചെയ്തുപോരുന്നു. ഇനിമുതൽ നമ്മുടെ നാട്ടിൻപുറങ്ങളിലും കവലകളിലും വഴിയോരങ്ങളിലും നമുക്ക് കാണാം ജൈവഭക്ഷ്യ ഉല്പന്നങ്ങളുമായി ഈ കർഷക സുഹൃത്തുക്കളെ!

## ഡൗൺ സിൻഡ്രോം ദിനാചരണം സംഘടിപ്പിച്ചു

മാർച്ച് 21 ലോക ഡൗൺ സിൻഡ്രോം ദിനം. ശരീരത്തിലെ ക്രോമസോമുകളുടെ എണ്ണത്തിലുള്ള വ്യതിയാനത്തെ തുടർന്ന് ജനിതക വൈ

കല്യത്തോടെ ജനിക്കുന്നവരെ അനുസ്മരിക്കുന്ന ദിനം. ലോക ഡൗൺ സിൻഡ്രോം ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡൗൺ സിൻഡ്രോം ദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, മേരി ഫിലിപ്പ്, സിസ്റ്റർ എൽസിയ എസ്.ജെ.സി, ബബിത റ്റി. ജെസിൽ, വിജയകുമാരി അശോകൻ, കെ.സി. ഫിലിപ്പ്, നീതു രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർമ്മലാ ജിമ്മി നിർവ്വഹിച്ചു. ഡൗൺ സിൻഡ്രോം വൈകല്യം നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി സംഘടിപ്പിച്ച സെമിനാറിന് എം.ജി യുണിവേഴ്സിറ്റി ബിഹേവിയറൽ സയൻസ് വിഭാഗം ഡയറക്ടർ ഡോ. റസീന പത്മം നേതൃത്വം നൽകി. വൈകല്യമുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ദിനാചരണത്തിൽ ഡൗൺ സിൻഡ്രോം ജനിതക വൈകല്യം നേരിടുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു.

## കെ.എസ്.എസ്.എസ് പുരുഷ സ്വാശ്രയസംഘ നേതൃസംഗമം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കടുത്തുരുത്തി മേഖലയിൽ പ്രവർത്തിക്കുന്ന പുരുഷ സ്വാശ്രയസംഘാംഗങ്ങളുടെ നേതൃസംഗമം സംഘടിപ്പിച്ചു. കടുത്തുരുത്തി സെന്റ് മേരീസ് ചർച്ച് പാരിഷ് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് കടുത്തുരുത്തി മേഖലാ ഡയറക്ടർ ഫാ. എൻ.ഐ. മൈക്കിൾ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് ആമുഖസന്ദേശം നൽകി. ജോയി കളപ്പുരയ്ക്കൽ, മേരി സെബാസ്റ്റ്യൻ, മേഴ്സി സ്റ്റീഫൻ, നീതു രാമകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സംഘകൃഷി നടപ്പിലാക്കുന്ന കർഷകസംഘങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട് വിതരണവും 2015 മണ്ണ് വർഷത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന വീട്ടിലൊരു മൺകൂജ പദ്ധതിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. കൂടാതെ വിവിധ മണ്ണ് സംര

ക്ഷണമാർഗ്ഗങ്ങൾ – കർഷകർ അറിയേണ്ടത് എന്ന വിഷയത്തിൽ സെമിനാറും നടത്തപ്പെട്ടു. ഇരുന്നൂറോളം പുരുഷ സ്വാശ്രയസംഘ പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു.

## കെ.എസ്.എസ്.എസ് സ്മാർട്ട് സ്നേഹസംഗമവും ശാസ്ത്ര ദിനാചരണവും സംഘടിപ്പിച്ചു

ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സ്മാർട്ട് സ്നേഹ സംഗമവും ശാസ്ത്ര ദിനാചരണവും സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.ൽ.എ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സി. എൽസിയ എസ്.ജെ.സി, സിജോ തോമസ്, അജീഷ ഷിബു, ചിന്നമ്മ രാജൻ, റീബ ലിങ്കൺ, ബിബിൻ പി. ബിജു, റെറ്റി ജോയി എന്നിവർ പ്രസംഗിച്ചു. ശാസ്ത്ര ദിനാചരണത്തോട് അനുബന്ധിച്ച് കുട്ടികൾക്കായി സംഘടിപ്പിച്ച സംവാദ പരിപാടിയ്ക്ക് എം.ജി. യൂണിവേഴ്സിറ്റി നാനോ ടെക്നോളജി വിഭാഗം പ്രൊഫസർ ഡോ. എം.എസ്. ലത നേതൃത്വം നൽകി. കൂടാതെ മത്സരങ്ങൾ, വിവിധ കലാപരിപാടികൾ, ശാസ്ത്ര പ്രദർശനം എന്നിവയും സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാചരണത്തിൽ ഇരുനൂറോളം കുട്ടികൾ പങ്കെടുത്തു.

## മണ്ണിൽ പൊന്നു വിളയിക്കാൻ കർഷക സുഹൃത്തുകൾ

ഒന്നര ഏക്കർ ഭൂമിയിൽ പൊന്നു വിളയിക്കാൻ തയ്യാറെടുക്കുകയാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കരിപ്പാടം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മ. കൂട്ടുകൃഷി അന്യം നിന്നുപോകുന്ന ഈ കാലഘട്ടത്തിൽ ഒത്തൊരുമയുടെ പുതിയ കൃഷിപാഠം തീർക്കുകയാണ് ഫ്രണ്ട്സ് സൗഹൃദവേദിയിലെ 23 കർഷക സുഹൃത്തുകൾ. വാഴ, കപ്പ, ചേന, പയർ, ചേമ്പ് തുടങ്ങിയ നിരവധി കാർഷിക വിളകളുടെ ഉല്പാദനമാണ് ഇവർ ലക്ഷ്യമിടുന്നത്. കെ.എസ്.എസ്.എസിന്റെയും കരിപ്പാടം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. സാജു മൂലക്കാട്ടിന്റെയും പൂർണ്ണ പിന്തുണ ഇവർക്കൊപ്പമുണ്ട്. കൂട്ടു

കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി 15000 രൂപ റിവോൾവിംഗ് ഫണ്ടായി കെ.എസ്.എസ്.എസിൽ നിന്നും ഇവർക്ക് ലഭിച്ചു. ഇവരുടെ മാതൃക ഉൾക്കൊണ്ട് കടുത്തുരുത്തി മേഖലയിലെ ഇതര സൗഹൃദവേദി അംഗങ്ങളും കൂട്ടുകൃഷി സംരംഭം ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ്.

## ഉപഭോക്തൃദിനാചരണം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെയും ഇടുക്കി ജില്ലാ കൺസ്യൂമേഴ്സ് വിജിലൻസ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പറമ്പൻചേരി സെന്റ് സ്റ്റീഫൻസ് ചർച്ച് പാരീഷ് ഹാളിൽ ഉപഭോക്തൃദിനാചരണം സംഘടിപ്പിച്ചു. അയവന പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി ജോർജ്ജ് ദിനാചരണം ഉദ്ഘാടനം ചെയ്തു. ഉപഭോക്തൃദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് അഡ്വ. എം.എൻ മനോഹർ നേതൃത്വം നൽകി. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സെന്റ് സ്റ്റീഫൻസ് ചർച്ച് വികാരി ഫാ. ജേക്കബ് മുള്ളൂർ എന്നിവർ സന്ദേശം നൽകി. ആതുര ശുശ്രൂഷ രംഗത്തെ വനിതാ രത്നങ്ങളായ മാർഗരറ്റ് ജോർജ്ജ്, മിനി മാത്യു എന്നിവരെ ആദരിച്ചു. മണ്ണ് സംരക്ഷണ വർഷത്തോടനുബന്ധിച്ച് മണ്ണിര വിതരണവും നടത്തപ്പെട്ടു. ദിനാചരണത്തിൽ 150 പേർ പങ്കെടുത്തു.

## ജനകീയ ആട് വളർത്തൽ പദ്ധതി പരിശീലനം സംഘടിപ്പിച്ചു.

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നവോമി ഗ്രൂപ്പംഗങ്ങൾക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന രണ്ടാംഘട്ടം ജനകീയ ആട് വളർത്തൽ പദ്ധതിയുടെ ഭാഗമായി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഏകദിന ആട് വളർത്തൽ പരിശീലനം സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച പരിശീലനത്തിൽ ആട് വളർത്തലിന്റെ ശാസ്ത്രീയ രീതികൾ, ആടിന് ഉണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വെറ്റിനറി സർജൻ ഡോ. സഖറിയ ക്ലാസ്സ് നയിച്ചു. 61 ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുത്തു.

## മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു

അന്താരാഷ്ട്ര മണ്ണ് വർഷാചരണത്തോടനുബന്ധിച്ച് ജൈവവള പ്രയോഗത്തിലൂടെ മണ്ണ് സംരക്ഷണം ലക്ഷ്യമിട്ട് ഇടയ്ക്കാട്, കൈപ്പുഴ മേഖലകളിൽ നടപ്പിലാക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണീറ്റ് നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ഗുണഭോക്താക്കൾക്ക് മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണ പരിശീലനം ചൈതന്യയിൽ സംഘടിപ്പി

ച്ചു. പരിശീലനത്തിൽ ടാങ്ക് നിർമ്മാണം , ടാങ്ക് നിറയ്ക്കൽ, വള ശേഖരണം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. ഇടയ്ക്കാട്, കൈപ്പുഴ മേഖലകളിൽ നിന്നായി 140 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## SAFP കുടുംബശാക്തീകരണ പദ്ധതി – മേഖലാസംഗമങ്ങൾ പൂർത്തിയായി

കെഎസ്.എസ്.എസ് സേവ് എ ഫാമിലി പ്ലാനുമായി സ്വീകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിലെ പങ്കാളികൾക്കായുള്ള 2015–2016 ലെ ആദ്യമേഖലാ സംഗമങ്ങൾ പൂർത്തിയായി. ഇടയ്ക്കാട്ട് മേഖലാസംഗമം ഫെബ്രുവരി 24 ന് ചൈതന്യയിലും കിടങ്ങൂർ മേഖലാസംഗമം ഫെബ്രുവരി 26 ന് ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിലും കൈപ്പുഴ മേഖലാസംഗമം മാർച്ച് 12 ന് ചൈതന്യയിലുമായാണ് സംഘടിപ്പിച്ചത്. സംഗമത്തിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് , കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്എന്നിവർ സന്നിഹിതരായിരുന്നു. സംഗമത്തോട നുബന്ധിച്ച് കുടുംബശാക്തീകരണം എന്ന വിഷയത്തിൽ അഡ്വ. രാജി പി. ജോയി ക്ലാസ്സ് നയിച്ചു.

## തെങ്ങ്കയറ്റ പരിശീലനം സംഘടിപ്പിച്ചു

നാളികേര വികസന ബോർഡും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിയുടെ ഭാഗമായി തെങ്ങ് കയറ്റ പരിശീലനം സംഘടിപ്പിച്ചു. തടിയമ്പാട് മരിയ സദൻ ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ച പരിശീലനത്തോടനുബന്ധിച്ച് തെങ്ങ് കയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 36 പേർക്ക് സൗജന്യമായി തെങ്ങ് കയറ്റ മെഷീനും കൂടാതെ രണ്ട് ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കി.

## ഗ്രാമ സമുദ്ധാരണ പദ്ധതി – വരുമാന പദ്ധതി വിലയിരുത്തൽ

സ്വാശ്രയ സംഘാംഗങ്ങൾക്ക് സുസ്ഥിര വരുമാന സംരംഭക സാധ്യതകൾ തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ഫ്രാൻസ് കേന്ദ്ര

മായി പ്രവർത്തിക്കുന്ന ലാസിം സംഘടനയുമായി സഹകരിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന ഗ്രാമസമുദ്ധാരണ പദ്ധതിയുടെ ഭാഗമായി മാർച്ച 23, 24 തീയതികളിൽ വെച്ചൂർ, പാലത്തുരുത്ത്, കുമരകം, വെളിയനാട് എന്നീ ഗ്രാമങ്ങളിലെ ഗുണഭോക്താക്കൾ നടപ്പിലാക്കിവരുന്ന വരുമാന പദ്ധതികൾ ലാസിം സംഘടനയിലെ പ്രതിനിധികൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

## സ്റ്റാഫ് പരിശീലനം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ ഗ്രാമതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട സ്റ്റാഫ് അംഗങ്ങൾക്ക് മാർച്ച് 17-ാം തീയതി പരിശീലനം സംഘടിപ്പിച്ചു. ബെസ്സി ജോസ്, മേഴ്സി സ്റ്റീഫൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തിൽ 23 പേർ പങ്കെടുത്തു.

## ഊർജ്ജതരംഗിണി മൂന്നാം ഘട്ടം നടപ്പിലാക്കി

ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട് കെ.എസ്.എസ്.എസ് നടപ്പിലാക്കി വരുന്ന ഊർജ്ജ തരംഗിണി പദ്ധതിയുടെ മൂന്നാം ഘട്ടം നടപ്പിലാക്കി. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഹാവൽസ് കമ്പനിയുടെ 15, 20 വാട്സിന്റെ 2600 സി.എഫ്.എൽ ബൾബുകൾ ഒരു വർഷത്തെ ഗ്യാരണ്ടിയോടുകൂടി പ്രവർത്തന ഗ്രാമങ്ങളിൽ ലഭ്യമാക്കി

## ഹരിതസമൃദ്ധി പദ്ധതി - നീർത്തടകമ്മിറ്റി പരിശീലനം സംഘടിപ്പിച്ചു

മണ്ണ് ജല പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ പ്രവർത്തന ഗ്രാമങ്ങളിലെ നീർത്തട കമ്മറ്റി അംഗങ്ങൾക്കായി പരിശീലനം സംഘടിപ്പിച്ചു. പദ്ധതിയുടെ ഗ്രാമങ്ങളിലെ പ്രവർത്തനം വിലയിരുത്തുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടിയാണ് നീർത്തട കമ്മിറ്റി രൂപീകൃതമായിരിക്കുന്നത്. മാർച്ച് 21 ന് ചൈതന്യയിൽ സംഘടിപ്പിച്ച പരിശീലനത്തിന് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ഹരിത സമൃദ്ധി പദ്ധതി പ്രോഗ്രാം കോർഡിനേറ്റർ സിറിയക് ജോസഫ് എന്നിവർ നേതൃത്വം നൽകി. പരിശീലനത്തിൽ 65 അംഗങ്ങൾ പങ്കെടുത്തു.

## ഹരിതസമൃദ്ധി പദ്ധതി - ഗുണഭോക്തൃ പരിശീലനം

ഹരിതസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പ് എന്നിവയുടെ ഗുണഭോക്താക്കൾക്കുള്ള പരിശീലനം സംഘടിപ്പിച്ചു. മാർച്ച് 21 ന് ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ചും പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട പ്രായോഗിക വശങ്ങളെക്കുറിച്ചും തുടർ പരിപാലനത്തെക്കുറിച്ചും ക്ലാസ്സ് സംഘടിപ്പിച്ചു. ഗുണഭോക്തൃ പരിശീലനത്തിൽ 75 അംഗങ്ങൾ പങ്കെടുത്തു.

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകി. ക്യാമ്പിനോടനുബന്ധിച്ച് ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, മാതാപിതാക്കൾക്കായി ക്ലാസ്സ്, കൗൺസിലിംഗ് സർവ്വീസ് തുടങ്ങിയ സേവനവും ലഭ്യമാക്കി. 47 പേർ ക്യാമ്പിൽ പങ്കെടുത്തു. സൗജന്യ മരുന്ന് വിതരണവും നടത്തി.

## നവചൈതന്യ വികലാംഗഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് സി.ബി.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം നൽകിയിരിക്കുന്ന നവചൈതന്യ വികലാംഗ ഫെഡറേഷന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 17-ാം തീയതി ചൈതന്യയിൽ സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് സി.ബി.ആർ കോർഡിനേറ്റർ ചാക്കോച്ചൻ അമ്പാട്ട് ക്ലാസ് നയിച്ചു. ഫെഡറേഷൻ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങളായ 9 പേർ പങ്കെടുത്തു.

## അന്ധ-ബധിര പുനരധിവാസ പദ്ധതി - സന്ദർശനം നടത്തി

കെ.എസ്.എസ്.എസിന്റെ അന്ധ-ബധിര പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ കണ്ട് മനസിലാക്കുന്നതിനായി കന്യാകുമാരി കേഡർ ഇൻഡ്യ എന്ന പ്രസ്ഥാനത്തിൽ നിന്നും കോർഡിനേറ്റർ ജയന്തി, സ്പെഷ്യൽ എഡ്യുക്കേറ്റർ ജാർജിൽ, വർദ്ധന എന്നിവർ സമരിറ്റൻ റിസോഴ്സ് സെന്റർ സന്ദർശിച്ചു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**

സെക്രട്ടറി, കെ.എസ്.എസ്.എസ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## വിദഗ്ദ്ധ തയ്യൽ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉഷ ഇന്റർനാഷണൽ കമ്പനിയുടെ സഹായത്തോടുകൂടി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ല കളിൽ ആരംഭിച്ച ഉഷാ സിലായ് സ്കൂൾ പദ്ധതിയുടെ ഭാഗമായി തയ്യൽ ടീച്ചർമാരുടെ വിദഗ്ദ്ധ പരിശീലനം ശ്രീപുരം പാസ്റ്ററൽ സെന്ററിൽ ആരം ഭിച്ചു. മൂന്നു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഉഷാ ഇന്റർനാഷണൽ സ്റ്റേറ്റ് ഓഫീസർ വടിവേലൻ പെരു മാൾ നിർവ്വഹിച്ചു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ചട ങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മാസ്റ്റർ ട്രെയിനർ ബിന്ദു കെ. എസ്., കുമാരി ആഷ്ന ജോസ് എന്നിവർ പ്രസംഗിച്ചു.

## ഭക്ഷ്യ സംസ്കരണ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി (മാസ്സ്) ദേശീയ കാർഷിക വികസന ബാങ്കിന്റെ സഹായത്തോടുകൂടി ഭക്ഷ്യ സംസ്ക രണ പരിശീലനം സംഘടിപ്പിച്ചു. പ്രസ്തുത പരിശീലന പരിപാടിയുടെ ഉദ്ഘാടനം നബാർഡ് ജില്ലാ വികസന മാനേജർ പി. ദിനേശ്, പയ്യാവൂർ സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്തു. മാസ്സ് ഡയറ ക്ടർ ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. സാമൂ ഹ്യപ്രവർത്തകരായ അബ്രഹാം യു. പി., ബിന്ദു ജോയി എന്നിവർ പ്രസം ഗിച്ചു. അഞ്ചു ദിവസം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ കൈതച ക്ക, മാങ്ങ, തേങ്ങ, നേന്ത്രപ്പഴം തുടങ്ങിയവ ഉപയോഗിച്ച് വിവിധ ഭക്ഷ ണപദാർത്ഥങ്ങൾ ഉദ്പാദിപ്പിക്കുന്നതിനുള്ള പരിശീലനവും കേറ്ററിംഗ് പരി ശീലനവും നൽകി. ബാലാമണി കെ., ത്രേസ്യാമ്മ അറയ്ക്കപ്പറമ്പിൽ, സ്റ്റീഫൻ വെള്ളരിമറ്റം എന്നിവർ വിവിധ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

## പലഹാര നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു

മാസ്സിന്റെ ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സഹായ ത്തോടുകൂടി വനിതാ സ്വാശ്രയ സംഘ അംഗങ്ങൾക്കുവേണ്ടി പലഹാര നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. അലക്സ്നഗർ പാരിഷ് ഹാളിൽ ആരംഭിച്ച ആറു ദിവസം നീണ്ടു നിന്ന പരിശീലന പരിപാടി നബാർഡ് ജില്ലാ വികസന മാനേജർ പി. ദിനേശ് ഉദ്ഘാടനം ചെയ്തു. അലക്സ്ന

ഗർ പള്ളി വികാരി ഫാ. സ്റ്റീഫൻ കുളക്കാട്ടുകുഴിയിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അബ്രഹാം യു.പി., ടെസ്സി ജോയി എന്നിവർ പ്രസംഗിച്ചു. പരിശീലകരായ ആനി ജോയി, ലൈലാബീവി എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. 35 വനിതകളാണ് പരിശീലനം പൂർത്തിയാക്കുന്നത്.

## ആടു വളർത്തൽ പദ്ധതി ഉദ്ഘാടനം ചെയ്തു

മാസ്സ് ദേശീയ ഗ്രാമവികസന ബാങ്കിന്റെ സഹായത്തോടുകൂടി പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ഗോത്രവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന ട്രൈബൽ വികസന ഫണ്ട് പരിപാടിയുടെ ഭാഗമായുള്ള ആടുവളർത്തൽ പദ്ധതി വാതിൽമട കമ്മ്യൂണിറ്റി ഹാളിൽ ഉദ്ഘാടനം ചെയ്തു. നബാർഡ് ജില്ലാ വികസന മാനേജർ പി. ദിനേശ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. പി. ജോസഫ് ആടുകളെ വിതരണം ചെയ്തുകൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സതീശൻ കെ., സാമൂഹ്യപ്രവർത്തകരായ സെബാസ്റ്റ്യൻ കെ.വി., ബിന്ദു ജോയി എന്നിവർ സംസാരിച്ചു. വാതിൽമട കോളനിയിൽ 25 മലബാറി ഇനം ആടുകളെയാണ് വിതരണം ചെയ്തത്. പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ 10 കോളനികളിൽ നബാർഡിന്റെ ആടുവളർത്തൽ പദ്ധതി നടപ്പിലാക്കുമെന്ന് ഫാ. സുനിൽ പെരുമാനൂർ അറിയിച്ചു.

## കുട നിർമ്മാണ പരിശീലനം

മാസ്സ് ചെറുകിട സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നബാർഡിന്റെ സഹകരണത്തോടെ പെരിക്കല്ലൂർ മേഖലയിലെ തേറ്റമല ഇടവകയിൽ വെച്ച് കുടനിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ഫാ. ബിബിൻ അഞ്ചെമ്പിൽ നിർവ്വഹിച്ചു. പ്രസ്തുത പരിശീലന പരിപാടിയിൽ 36 വനിതകൾ പങ്കെടുത്തു. പരിശീലന പരിപാടിക്ക് ഉഷ കെ. വി., അബ്രഹാം യു.പി., ആൻസി ജോയി എന്നിവർ നേതൃത്വം നൽകി.

## തയ്യൽ യൂണിറ്റ് ആരംഭിച്ചു

വനിതകൾക്ക് തയ്യൽ പരിജ്ഞാനവും സ്വയം തൊഴിലും നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പുളിഞ്ഞാൽ ക്രിസ്തുരാജ പാരി

ഷ്ഹാളിൽ തയ്യൽ യൂണിറ്റ് ആരംഭിച്ചു. ഫാ. ജോഷി വലിയവീട്ടിൽ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

## പകൽവീട്ടിൽ പ്രാഥമിക മെഡിക്കൽ പരിശോധന

രാജപുരം മേഖലയിൽ ജപ്പാൻ സഹായത്തോടുകൂടി വൃദ്ധ മാതാപിതാക്കൾക്കുവേണ്ടി ആരംഭിച്ച പകൽവീട്ടിൽ പൂടംകല്ല് ഗവൺമെന്റ് ഹോസ്പിറ്റലിന്റെ സഹായത്തോടുകൂടി എല്ലാ ചൊവ്വാഴ്ചകളിലും സൗജന്യ മെഡിക്കൽ പരിശോധനയും മരുന്നു വിതരണവും ആരംഭിച്ചു. രാജപുരം മേഖലയിലെ വൃദ്ധമാതാപിതാക്കൾക്ക് ഈ പ്രയോജനം ലഭ്യമാകുന്നു.

## ക്നാനായ സ്റ്റാഴ്സ് സംഗമം

ക്നാനായ സ്റ്റാഴ്സ് വികസന പദ്ധതിയുടെ ഭാഗമായുള്ള ക്നാനായ സ്റ്റാഴ്സ് സംഗമം മെയ് 1 മുതൽ മെയ് 5 വരെ ശ്രീപുരത്ത് നടക്കുന്നതാണ്.

## ബാസ്ക്കറ്റ് നിർമ്മാണ പരിശീലനം

മാസ്സ് ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ധനസഹായത്തോടെ ആരംഭിച്ച ചെറുകിട സംരംഭകത്വ വികസന പരിശീലനത്തിന്റെ ഭാഗമായി മടമ്പം മേഖലയിലെ പയ്യാവൂർ ടൗൺ പാരിഷ് ഹാളിൽ വച്ച് 30 വനിതകൾക്കായി ബാസ്ക്കറ്റ് നിർമ്മാണ പരിശീലനം നടത്തി. പരിശീലന പരിപാടിയുടെ ഉദ്ഘാടനം പയ്യാവൂർ സെന്റ് ആൻസ് പള്ളി വികാരി റവ. ഫാ. തോമസ് കൊച്ചുപുത്തൻപുരയ്ക്കൽ നിർവ്വഹിച്ചു. ബിന്ദു ജോയി, സുഷ ബെന്നി, പരിശീലകൻ കുഞ്ഞിരാമൻ കെ. സി. എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

## ആഭരണ നിർമ്മാണ പരിശീലനം

സ്വാശ്രയസംഘാംഗങ്ങളെ വിവിധ തൊഴിൽ പരിശീലനങ്ങളിലൂടെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ മാസ്സ് നബാർഡുമായി സഹകരിച്ച് സൗജന്യമായി ആഭരണ നിർമ്മാണ പരിശീലനം അരയങ്ങാട് പാരിഷ് ഹാളിൽവച്ച് സംഘടിപ്പിച്ചു. പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഫാ. അബ്രാഹം പുതുക്കുളത്തിൽ നിർവ്വഹിച്ചു. പരിശീലന പരിപാടികൾക്ക് ജോഷിമോൾ മാത്യു, ജോമോൾ ജോയി എന്നിവർ നേതൃത്വം നൽകി.

## ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

മാസ്സ് ജില്ലാ ഭരണകൂടം, കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ കണ്ണൂർ, കാസർഗോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജ്ജന ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പ് തൊഴിലാളികൾ, കർഷകസംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണം, കൗൺസലിംഗ് എന്നിവ നടത്തുന്നു. രോഗലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2015**

7 ചൈതന്യയിൽ നടന്ന വനിതാദിനാഘോഷത്തിൽ പങ്കെടുത്തു

8 രാമമംഗലം സെന്റ് മേരീസ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

9 ഉഴവൂർ ഇടവകാംഗം പരേതനായ മത്തായി ഓരത്താനിയിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

10 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

\- സെന്റ് ജോസഫ് സമൂഹാംഗം പരേതയായ സി. മേഴ്സി പടിഞ്ഞാത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അനുഗ്രഹമഠം ചാപ്പലിൽ കാർമ്മികത്വം വഹിച്ചു.

11 കാക്കനാട്ട് നടന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

\- ചുങ്കം ഇടവകാംഗം പരേതനായ ജോസഫ് വാണിയംകുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

15 പുനലൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

17 ദേവലോകം അരമനയിൽ നടന്ന നിലയ്ക്കൽ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

- കൂടല്ലൂർ ഇടവകാംഗം പരേതയായ ചേത്തലിൽ മറിയം ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

18 വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് സെന്റ് ജോസഫ് ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.

19 തിരുഹൃദയക്കുന്ന് ദേവാലയത്തിൽ വി. ബലിയർപ്പിക്കുകയും നാല്പതു മണി ആരാധനയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.

- തൂവാനീസായിൽ നവീകരിച്ച ഹാളിന്റെ വെഞ്ചരിപ്പ് നടത്തി.

21 ഉഴവൂർ ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

- ചൈതന്യായിൽ കൂടിയ കണക്കന്മാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

22-26 പീരുമേട്ടിൽ വാർഷിക ധ്യാനം നടത്തി.

27 വടക്കുംമുറിയിൽ സാൻജോ മൗണ്ട് കുരിശിന്റെ വഴിയുടെ വഞ്ചരിപ്പ് നടത്തി.

- കോട്ടയത്ത് വിജയപുരം രൂപത സംഘടിപ്പിച്ച സമർപ്പിത സംഗമത്തിൽ സന്ദേശം നൽകി.

28 ചൈതന്യയിൽ കൂടിയ ഭിന്നശേഷിയുള്ളവരുടെ വാർഷിക സംഗമത്തിൽ പങ്കെടുത്തു.

- പയസ് മൗണ്ട് ഇടവകയിൽ റവ. ഫാ. മത്തായി ചെള്ളേമ്പേലിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പി ച്ചു.

29 കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ ഓശാനയുടെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

31 കാരിത്താസ് ഹോസ്പിറ്റലിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ സെന്റർ വെഞ്ചരിച്ചു.

- കാരിത്താസ് കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ റവ. സി. സാബയുടെ Send off മീറ്റിംഗിൽ പങ്കെടുത്തു.

- കിടങ്ങൂർ ലിറ്റിൽ ലൂർദ്ദ് ഹോസ്പിറ്റലിൽ നടന്ന സെമിനാറിൽ പങ്കെടുത്തു.

**ഏപ്രിൽ 2015**

1 ചുങ്കം ഫൊറോന പള്ളിയിൽ വി. ബലിയർപ്പിക്കുകയും നവീകരിച്ച വൈദിക മന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

2 പെസഹ വ്യാഴാഴ്ച തിരുക്കർമ്മങ്ങൾക്ക് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ കാർമ്മികത്വം വഹിച്ചു.

3 ദുഃഖവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്ക് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ കാർമ്മികത്വം വഹിച്ചു.

5 ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

# ENGAGEMENTS

## Mar Mathew Moolakkatt

**April 2015**

10 General Synaxis of Visitation Congregation at S.H. Mount

14 Vocation camp for boys at Chaithanya

\- Blessing of the new School building at Koodalloor

15 Year of consecrated life celebration at Padamugham

16 Syro Malabar Migrants' commission meet with Major Archbishop at Kakkanad

17 Vocation camp for girls at Chaithanya

18 Holy Qurbana and blessing of the Parish hall at Varapetty

18-19 Pastoral visit at Cherpunkal

19 Parish day and religious gathering at Christ the King Cathedral, Kottayam.

21 Year of consecrated life celebration at Perikkalloor

22-24 CBCI standing committee at Bangalore

26 Year of consecrated life celebration at Uzhavoor

27-28 Major Seminarians' camp at Peermade

29 Promise of MSP brothers at Thadiyampad

30 All India Theological Association meet at Vazhoor

**May 2015**

1 First and Final profession of St. Joseph sisters at S.H. Mount.

2 Year of consecrated life celebration at Kaipuzha

3 Pastoral visit at Varappetty

4 Holy Qurbana & Conclusion of the 90th Anniversary of St. Thomas Asylum at Kaipuzha

5 Commissions meet at Chaithanya

6 Nilackal Trustee meeting at Devalokam

\- Holy Qurbana and blessing of the new house of OSH at Neerickad.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2015**

6 മടമ്പം പി. കെ. എം. കോളേജിൽ സംഘടിപ്പിച്ച കണ്ടോത്ത് അനുസ്മരണദിനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

7 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തിയ കണ്ണൂർ എക്യുമെനിക്കൽ സംഗമത്തിൽ അദ്ധ്യക്ഷം വഹിച്ച് പ്രസംഗിച്ചു.

10 ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂൾ അദ്ധ്യാപകയോഗത്തിൽ അദ്ധ്യക്ഷം വഹിച്ച് പ്രസംഗിച്ചു.

11-12 തലശ്ശേരി മെത്രാസനമന്ദിരത്തിൽ കൂടിയ മലബാർ റീജിയൺ മെത്രാന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു.

16-17 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ കൂടിയ മലബാർ റീജിയണിലെ ബഹു. വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചു.

23 കണ്ണൂർ ബർണശ്ശേരി കത്തീഡ്രലിൽ, അഭി. അലക്സ് വട

ക്കുംതല പിതാവിന്റെ മെത്രാഭിഷേക വാർഷിക ദിനത്തിലെ വി.കുർബാനയിൽ വചന സന്ദേശം നൽകി.

24-26 രാജപുരം കോളേജിൽ സംഘടിപ്പിച്ച വിവിധ മീറ്റിംഗുകളിൽ സംബന്ധിച്ചു.

27 രാജപുരം ഫൊറോനാ കെ.സി.വൈ.എൽ. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'രക്തസാക്ഷികളോടൊപ്പം കുരുശിന്റെ വഴിയിൽ' പങ്കെടുത്ത് സന്ദേശം നൽകി.

28 പയ്യാവൂർ ടൗൺ പള്ളിയിലെ ഓശാന തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു.

30 പരേതനായ ഷെവ. ഔസേപ്പ് ചാക്കോ പുളിമ്മൂട്ടിലിന്റെ ഭവനത്തിലെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

**ഏപ്രിൽ 2015**

2 കണ്ണൂർ ശ്രീപുരത്തെ പെസഹാവ്യാഴ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

\- കണ്ണൂർ സെൻട്രൽ ജെയിലിലെ പെസഹാവ്യാഴ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

# Engagements

## Mar Joseph Pandarasseril

**April 2015**

5 Easter at Sreepuram.

9 Holy Mass and celebration of Religious year at Kozhichal.

10 Holy Mass and *Edavakadinom* at Kallar.

15 Holy Mass at Ettumanoor.

\- *Edavakadinom* at Kurumulloor.

16,17 Vocation camp at Barmariam, Kannur.

20 Ordination of Dn. Joby Elamthanam at Infant Jesus Church, Karimukal, Ernakulam.

22 Holy Mass at Chittarickal.

25 Regional religious's meet at Thaliparambu.

26-28 Major Seminary camp at Peermade.

May 1 SJC Profession and Vestition at S.H. Mount.

4 Navathy inauguration of St. Thomas Asylum, Kaippuzha.

# വചനദർശനം

## ഉയിർപ്പ് 2-ാം ഞായർ പുതുഞായർ

**ഏപ്രിൽ 12** **യോഹ 20: 19-29**

ഉത്ഥാനശേഷം ഈശോ ആദ്യമായി ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന സംഭവമാണ് യോഹ 20:19-29 വിവരിച്ചിരിക്കുന്നത്. യഹൂദരെ ഭയന്ന് ഒളിച്ചിരിക്കുന്ന ശിഷ്യന്മാരെ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാനായി യേശു ഒരുക്കുന്നു. പിതാവ് തന്നെ ഭരമേൽപ്പിച്ച ദൗത്യം തനിക്ക് സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്യുവാൻ സമയമായപ്പോൾ ഈശോ തന്റെ ശിഷ്യന്മാർക്ക് ഏൽപ്പിച്ചുകൊടുക്കുന്നു. പരിശുദ്ധാത്മാവിനെ അവർക്ക് പകർന്നു നൽകിക്കൊണ്ടാണ് ഈശോ അവരെ വചന പ്രഘോഷണത്തിനായി അയക്കുന്നത്. പാപമോചനാധികാരം സഭയ്ക്ക് ഈശോമിശിഹായിൽ നിന്ന് നേരിട്ട് പകർന്ന് കിട്ടിയതാണെന്ന് 23-ാം വാക്യം സാക്ഷ്യപ്പെടുത്തുന്നു.

യഥാർത്ഥ മിശിഹാ അനുഭവം സാധ്യമാകുന്നത് സഭയിലാണെന്ന് തുടർന്ന് വരുന്ന ഭാഗങ്ങളിലൂടെ വ്യക്തമാകുന്നു. ശിഷ്യന്മാരുടെ കൂട്ടായ്മയിലാണ് മിശിഹാ പ്രത്യക്ഷപ്പെടുന്നത്. തോമസ് ആ കൂട്ടായ്മയിൽ ഇല്ലാതിരുന്നത് കൊണ്ടാണ് അവന് മിശിഹായെ കാണാൻ സാധിക്കാതിരുന്നത്. അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന കത്തോലിക്കാ സഭയിൽ അംഗമായിരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. നിത്യജീവനിലേക്കുള്ള വഴി അന്വേഷിച്ചു നടന്ന തോമസ് ഇവിടെ താൻ അവിടുത്തെ കാണുകയും പാർശ്വത്തിൽ കൈകൾ വയ്ക്കുകയും ചെയ്യാതെ വിശ്വസിക്കുകയില്ല എന്ന് ശാഠ്യം പിടിക്കുന്നു. തോമസിന്റെ ശാഠ്യത്തിനു മുൻപിൽ പിതൃതുല്യമായ വാത്സല്യത്തോടെ ഈശോ തന്റെ കൈകൾ നീട്ടുമ്പോഴാണ് യഥാർത്ഥത്തിൽ നിത്യജീവനിലേക്കുള്ള വഴി തോമസിന് മനസിലാകു

ന്നത്. എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ഈശോ മിശിഹായെക്കുറിച്ചുള്ള ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനമാണ് തോമസ് നടത്തുന്നത്. യേശുവാണ് യഥാർത്ഥ വഴിയും സത്യവും എന്ന് മനസിലാക്കിയ തോമസ് താൻ കണ്ടെത്തിയ ക്രിസ്തുവിനെ ഈ ലോകത്തിന് കാട്ടിക്കൊടുക്കുവാനുള്ള ഓട്ടത്തിലായിരുന്നു പിന്നീട്.

തോമസിന് നഷ്ടപ്പെട്ടുപോയ ഒരു മഹത്തായ ഭാഗ്യമുണ്ട് കാണാതെ വിശ്വസിക്കുവാനുള്ള ഭാഗ്യം. ആ ഭാഗ്യം ഇന്ന് നമ്മെത്തേടിയെത്തിയിരിക്കുന്നു. നമ്മുടെയൊക്കെ ജീവിതത്തിൽ ഇടർച്ചകളുണ്ടാകുമ്പോൾ, എല്ലാം നഷ്ടപ്പെട്ടുവെന്ന് തോന്നുമ്പോൾ, നിരാശയിൽ ആണ്ടുപോകുമ്പോഴുമെല്ലാം ഈശോമിശിഹാ രക്ഷകനായി കൂടെയുണ്ട് എന്ന വിശ്വാസത്തോടെ എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് വിളിച്ചപേക്ഷിക്കുവാൻ നമുക്ക് സാധിക്കണം.

## ഉയിർപ്പ് 3-ാം ഞായർ

**ഏപ്രിൽ 19** **യോഹ 14: 1-14**

തനിക്ക് ഈ ലോകത്തുനിന്ന് പിതാവിന്റെ സന്നിധിയിലേക്ക് പോകുവാനുള്ള സമയമായി എന്ന് പെസഹാതിരുനാളിനു മുമ്പ് യേശു അറിഞ്ഞു (13 :1) പിതൃസന്നിധിയിലേയ്ക്ക് തിരികെ പോകുന്നതിനു മുൻപ് ഈശോ തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട് എളിമയുടെയും ശൂന്യവൽക്കരണത്തിന്റെയും മഹത്തായ മാതൃക അവർക്ക് കാട്ടിക്കൊടുത്തു. തുടർന്ന് സുപ്രധാനങ്ങളായ രണ്ട് പ്രവചനങ്ങളാണ് യേശു നടത്തുന്നത്. നിങ്ങളിൽ ഒരാൾ എന്നെ ഒറ്റിക്കൊടുക്കും, പത്രോസ് തള്ളിപ്പറയും. ഇവയെല്ലാം കേട്ട് അസ്വസ്ഥരാകുന്ന ശിഷ്യഗണത്തോട് 14:1-14 വാക്യങ്ങളിലൂടെ ഈശോ പ്രത്യാശയുടെ വചനങ്ങൾ ഉരുവിടുന്നു.

തന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം ലോകജനതയ്ക്ക് സ്വർഗ്ഗത്തിൽ വാസസ്ഥലമൊരുക്കുകയെന്നതാണെന്നും തന്റെ കുരിശുമരണഉത്ഥാനത്തിലൂടെ മാത്രമേ ഈ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളുവെന്നും യേശു അവരെ പഠിപ്പിക്കുന്നു. താൻ സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്തതിന് ശേഷം തനിക്കായി തെരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിക്കൊണ്ടുപോകുവാൻ വീണ്ടും വരുമെന്നും 3-ാം വാക്യത്തിലൂടെ ഈശോ വ്യക്തമാക്കുന്നു. തന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനമാണ് ഈശോ ഇവിടെ നടത്തുന്നത്.

തുടർന്ന് തോമാശ്ലീഹായുടെ നിഷ്കളങ്കമായ സംശയമാണ് 5-ാം വാക്യത്തിൽ കാണുന്നത്. 'കർത്താവേ നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ പിന്നെ വഴി ഞങ്ങളെങ്ങനെയറിയും'. ആത്മാർത്ഥതയോടെ ദൈവത്തെ അന്വേഷിക്കുന്നവർക്ക് കൊടുക്കാൻ

ഈശോയ്ക്ക് ഒരൊറ്റ ഉത്തരമേയുള്ളൂ, അത് വഴിയും സത്യവും ജീവനും ഞാനാകുന്നു എന്നതാണ്. പുത്രനായ ഈശോയിലൂടെയല്ലാതെ ആർക്കും പിതാവായ ദൈവത്തിലെത്തിച്ചേരാനാവില്ല. തോമസിന്റെ ചോദ്യത്തോട് സമാനമായ ചോദ്യം തന്നെയാണ് പീലിപ്പോസും ചോദിക്കുന്നത്. 'പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരിക' (V.8) താനും പിതാവും ഒന്നാണെന്നും തന്നെ കാണുന്നവൻ പിതാവിനെ കാണുന്നുവെന്നും ഈശോ മറുപടി പറയുന്നു. താനും പിതാവും ഒന്നാണെന്നുള്ളതിന് തന്റെ പ്രവൃത്തികൾ തന്നെ തനിക്ക് സാക്ഷ്യം നൽകുന്നുവെന്ന് പ്രസ്താവിക്കുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനതയെന്നും ദൈവപുത്രരെന്നുമൊക്കെ അവകാശപ്പെടുന്നവരാണ് നാം. അതിനാൽ നമ്മുടെ ദൈവപുത്രമഹിമ നമ്മുടെ പ്രവർത്തികളിൽ പ്രതിഫലിക്കണമെന്ന് ഈശോ ഓർമ്മിപ്പിക്കുന്നു.

## ഉയിർപ്പ് 4-ാം ഞായർ

**ഏപ്രിൽ 26** **യോഹ 16: 16-24**

റോമാക്കാരുടെ അടിമത്വത്തിൽ നിന്ന് തങ്ങളെ രക്ഷിച്ച് ഒരൊറ്റ ജനതയാക്കിമാറ്റി ദാവീദിന്റെ സിംഹാസനത്തിലിരുന്ന് തങ്ങളെ ഭരിക്കുന്ന രക്ഷകനായ മിശിഹായെയായിരുന്നു ഇസ്രയേൽ ജനം പ്രതീക്ഷിച്ചിരുന്നത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നു ശിഷ്യന്മാർ ഈശോയെ അനുഗമിച്ചതും. ഉടൻതന്നെ തനിക്ക് സംഭവിക്കാൻ പോകുന്ന പീഢാസഹനങ്ങളെക്കുറിച്ചും കുരിശുമരണങ്ങളെക്കുറിച്ചുമൊക്കെ ഈശോ ശിഷ്യന്മാർക്ക് സൂചനകൾ നൽകുന്നു. ഇത്രയും നാൾ ശിഷ്യന്മാർ സുരക്ഷിതരായിരുന്നു, കാരണം ഈശോ അവരുടെകൂടെയുണ്ടായിരുന്നു. എന്നാൽ ഈശോ അവരെ വിട്ടുപിരിയുന്ന കാലം വരുന്നു. അപ്പോൾ അവർ ദുഃഖിക്കും എന്നാൽ ഈ ദുഃഖം ക്ഷണികമാണെന്നും അത് അവരെ നിത്യമായ സന്തോഷത്തിലേക്ക് നയിക്കുമെന്നും ഈശോ പറയുന്നു. തന്റെ ശിഷ്യന്മാർ അനുഭവിക്കുന്ന ദുഃഖത്തെ പ്രസവവേദന അനുഭവിക്കുന്ന സ്ത്രീയുടെ ദുഃഖത്തോടാണ് ഈശോ ഉപമിക്കുന്നത്. അവൾ വേദന കൊണ്ട് ഉറക്കെ നിലവിളിക്കുന്നു. എന്നാൽ തന്റെ കുഞ്ഞിന്റെ മുഖം കണ്ടുകഴിയുമ്പോൾ സന്തോഷത്താൽ അവൾ തന്റെ വേദന മറക്കുന്നു. തന്റെ മരണം മുൻകൂട്ടിക്കാണുന്ന ഈശോമിശിഹാ തന്റെ ശിഷ്യന്മാർ ചിതറിക്കപ്പെടാതിരിക്കാൻ അവർക്ക് പ്രത്യാശ പകർന്നു നൽകുകയാണ്. തുടർന്ന് നിങ്ങൾ എന്റെ നാമത്തിൽ ചൊദിക്കുന്നതെന്തും പിതാവ് നിങ്ങൾക്ക് നൽകും എന്ന് പറഞ്ഞുകൊണ്ട് തന്റെ സമ്പൂർണ്ണമായ സഹായവും ശിഷ്യന്മാർക്ക് അവിടുന്ന് വാഗ്ദാനം ചെയ്യുന്നു.

# വാർത്തകൾ

## മാർപാപ്പ ദൈവകാരുണ്യത്തിന്റെ വിശുദ്ധവർഷം പ്രഖ്യാപിച്ചു

വത്തിക്കാൻ സിറ്റി : ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെ കേന്ദ്രീകരിച്ച് ഫ്രാൻസിസ് മാർപാപ്പ ദൈവകാരുണ്യത്തിന്റെ വിശുദ്ധവർഷം പ്രഖ്യാപിച്ചു. മാർച്ച് 13ന് വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിൽ നടന്ന നോമ്പുകാല പ്രത്യേക അനുതാപ ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ച് നൽകിയ സുവിശേഷ സന്ദേശത്തിലാണ് മാർപാപ്പ ഈ വിശുദ്ധവർഷം പ്രഖ്യാപിച്ചത്. 2015 ഡിസംബർ 8 പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ മുതൽ 2016 നവംബർ 20 ക്രിസ്തുരാജന്റെ തിരുനാൾ വരെയായിരിക്കും ദൈവകാരുണ്യത്തിന്റെ വിശുദ്ധവർഷം. ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന് സാക്ഷ്യമേകുവാനുള്ള വിളിയാണ് സഭ സ്വീകരിച്ചിരിക്കുന്നത്. "ദൈവം കരുണാർദ്രനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6, 36) എന്ന ദൈവവചനത്തിന്റെ ചൈതന്യത്തിൽ കൂടുതൽ വളരുവാൻ ഈ ആത്മീയവർഷത്തെ നാം പ്രയോജനപ്പെടുത്തണമെന്നും മാർപാപ്പ ആഹ്വാനം ചെയ്തു.

## ഫ്രാൻസിസ് മാർപാപ്പ ഐക്യരാഷ്ട്രസഭയിൽ പ്രസംഗിക്കും

ന്യൂയോർക്ക് : ഫ്രാൻസിസ് മാർപാപ്പ 2015 സെപ്റ്റംബർ 25ന് ഐക്യരാഷ്ട്രസഭയിൽ പ്രസംഗിക്കും. യു.എൻ. സെക്രട്ടറി ജനറൽ ബാർ കി മൂൺ ആണ് ഇതു സംബന്ധിച്ച് ഔദ്യോഗിക പ്രസ്ഥാവന പുറപ്പെടുവിച്ചത്. ആഗോള കുടുംബസംഗമത്തിനായി അമേരിക്കയിലെത്തുന്ന മാർപാപ്പ സെപ്റ്റംബർ 25ന് രാവിലെ ഐക്യരാഷ്ട്രസഭ ഹെഡ്ക്വാർട്ടേഴ്സ് സന്ദർശിച്ച് ജനറൽ അസംബ്ലിയെ അഭിസംബോധന ചെയ്യും. അതേതുടർന്ന് സെക്രട്ടറി ജനറൽ, ജനറൽ അസംബ്ലി പ്രസിഡന്റ് എന്നിവരെ പ്രത്യേകം കാണുകയും യു.എൻ. സ്റ്റാഫംഗങ്ങളോടൊപ്പം ടൗൺ ഹാൾ മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്യും. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ യുഎൻ സന്ദർശനം സാമൂഹ്യനീതിക്കും സഹവർത്തിത്വത്തിനും, പരസ്പരധാരണയ്ക്കും വേണ്ടിയുള്ള ലോകരാഷ്ട്രങ്ങളുടെ കൂട്ടായ പരിശ്രമങ്ങൾക്ക് പ്രചോദനമാകുമെന്ന് സെക്രട്ടറി ജനറൽ പത്രക്കുറിപ്പിൽ പ്രസ്താവിച്ചു.

പോൾ ആറാമൻ മാർപാപ്പയാണ് 1965ൽ ആദ്യമായി യു.എൻ. സന്ദർശിച്ചത്. 30 വർഷങ്ങൾക്കുശേഷം വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും 2008ൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പയും ഐക്യരാഷ്ട്ര സഭയിൽ പ്രസംഗിച്ചിട്ടുണ്ട്.

## രക്തച്ചൊരിച്ചിലുകൾക്ക് മറുപടി രക്തദാനത്തിലൂടെ : കെ. സി. ബി. സി.

കൊച്ചി : ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവനാമത്തിൽ അരങ്ങേറുന്ന രക്തച്ചൊരിച്ചിലുകൾക്ക് മറുപടി നൽകേണ്ടത് പവിത്രമായ രക്തദാനത്തിലൂടെയാവണമെന്ന് കെ.സി.ബി.സി. കത്തോലിക്കാ വിശ്വാസികളെ ആഹ്വാനം ചെയ്തു. കെ.സി.ബി.സി. പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവ സർക്കുലറിലൂടെയാണ് വിശ്വാസത്തിനുവേണ്ടി പീഢനങ്ങളും മരണവും നേരിടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും രക്തസാക്ഷികളോട് അനുഭാവ സൂചകമായി വിശ്വാസികൾ ആശുപത്രികളിൽ കഴിയുന്ന രോഗികൾക്കുവേണ്ടി രക്തദാനം നടത്തണമെന്നും ആഹ്വാനം ചെയ്തത്. മതവിശ്വാസത്തിന്റെ പേരിൽ പീഢിപ്പിക്കപ്പെടുന്നവർക്കുവേണ്ടി അന്താരാഷ്ട്രസമൂഹം ഉണരണമെന്നും സംഘടനകളും രാഷ്ട്രങ്ങളും കൈകോർത്ത് പ്രവർത്തിക്കണമെന്നും കർദ്ദിനാൾ തന്റെ സർക്കുലറിൽ ഉദ്ബോധിപ്പിച്ചു.

## പാക്കിസ്ഥാനിൽ ക്രൈസ്തവ മാധ്യമപ്രവർത്തകർക്ക് പുറത്താക്കൽ ഭീഷണി

ഇസ്ലാമബാദ് : ക്രൈസ്തവ മാധ്യമ പ്രവർത്തകരെ രാജ്യത്തുനിന്ന് പുറത്താക്കണമെന്ന് പാക്കിസ്ഥാനിലെ തീവ്രവാദസംഘടന. ഫീദെയാം - ഇ - ഇസ്ലാം എന്ന സംഘടനയാണ് പാക്കിസ്ഥാനിലെ ക്വറ്റ പ്രസ്ക്ലബ് അധികൃതർക്കയച്ച കത്തിൽ ഇപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്ക്ലബ്ബിനു കീഴിലുള്ള നാലു ക്രൈസ്തവ മാധ്യമപ്രവർത്തകരെ രാജ്യത്തുനിന്നും പുറത്താക്കിയില്ലെങ്കിൽ തങ്ങൾ കടുത്ത നടപടികളിലേയ്ക്ക് കടക്കുമെന്ന് അവർ ഭീഷണി മുഴക്കിയിരിക്കുകയാണ്. ക്രൈസ്തവവിശ്വാസത്തെ അനുകൂലിച്ച് ബലൂചിസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ടെലിവിഷൻ ചാനലിലൂടെ സംസാരിച്ചതാണ് തീവ്രവാദികളെ പ്രകോപിപ്പിച്ചിരിക്കുന്നത്. ഭീഷണിയെക്കുറിച്ച് പോലീസിൽ പരാതിപ്പെട്ടിരിക്കുകയാണെന്ന് ക്വറ്റ പ്രസ് ക്ലബ് അധികൃതർ പ്രസ്താവിച്ചു.